## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2392 — 23-01-2014 ലെ മറുപടിയ്ക്ക്

### കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ / സ്വകാര്യ ആശുപത്രികൾ

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. ഇ.പി.ജയരാജൻ : | | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സർക്കാർ സ്ഥാപനങ്ങൾ ഏതെല്ലാം; വ്യക്തമാക്കുമോ; | എ) | സംസ്ഥാനത്തെ വിദഗ്ധ ചികിത്സാ സൗകര്യമുള്ള എല്ലാ സർക്കാർ ആശുപത്രികളും പരിയാരം സഹകരണ മെഡിക്കൽ കോളേജ്, കൊച്ചി സഹകരണ മെഡിക്കൽ കോളേജ് എന്നിവയും കൂടാതെ ശ്രീ ചിത്തിരതിരുന്നാൾ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ്, റീജിയണൽ ക്യാൻസർ സെന്റർ, മലബാർ ക്യാൻസർ സെന്റർ എന്നിവയും പദ്ധതിയിൽ ഉൾപ്പെടുന്നു. |
| ബി) ഏതെല്ലാം സ്വകാര്യ ആശുപത്രികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; | ബി) | 60 സർക്കാരിതര ആശുപത്രികളും 28 സ്വകാര്യ ഡയാലിസിസ് സെന്ററുകളും പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതി തുടങ്ങിയതിനുശേഷം സർക്കാർ സ്ഥാപനങ്ങളിലൂടെ എത്ര രോഗികൾക്ക് ആകെ എന്തു തുക ധനസഹായമായി അനുവദിച്ചു; സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | സി) | വിശദവിവരം അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |
| ഡി) | പദ്ധതി തുടങ്ങിയതിനുശേഷം സ്വകാര്യ സ്ഥാപനങ്ങളിലൂടെ എത്ര രോഗികൾക്ക്, ആകെ എന്തു തുക ധനസഹായമായി അനുവദിച്ചു; സ്ഥാപനം തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ? | ഡി) | വിശദവിവരം അനുബന്ധം III ആയി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

KARUNYA BENEVOLENT FUND

# List of Accredited Hospitals

| Sl. No | Name of Hospital |
| --- | --- |
| 1 | Sree Uthradom Thirunal Academy of Medical Sciences,<br>Vencode, Vattappara PIN-695028 |
| 2 | KIMS Pinnacle,<br>Anamukham,PB No-1,Anayara P.O., Trivandrum - 695029. |
| 3 | Meditrina Hospital, TC 2/2367-1, Pattom, Trivandrum-695 004 |
| 4 | The India Hospital Trust, Mele Thampanoor, Trivandrum - 695 001, |
| 5 | Sree Gokulam Medical College & Research Foundation , Venjaramoodu, Trivandrum |
| 6 | Dr. Somervel CSI Medical College & Hospital, Karakonam |
| 7 | Sree Narayan Trust Medical Mission, PB No. 32, Kollam 691002 |
| 8 | Azeezia Institute of Medical Sciences, Meeyyannoor PO, Kollam, Kerala - 691537 |
| 9 | Travancore Medical College<br>N H Byepass Road, Mylapore, Umayanallur, Kollam. 691589 |
| 10 | Bishop Benziger,<br>Beach Road, Kollam |
| 11 | St.Joseph's Mission Hospital, Anchal, KLM |
| 12 | Christian Mission Hospital, Pandalam - 689501 |
| 13 | St. Thomas' Hospital, Malakkara Post, Edayaranmulla, Pathanamthitta, Kerala 689532 |
| 14 | Pushpagiri Medical College, Thiruvalla - 689101 |
| 15 | Muthoot Meidcal Centre,<br>Kozhenchery,<br>Pathanamthitta-689641 |
| 16 | St.Gregorios Medical Mission Hospital, Parumala, PTA |
| 17 | Bharath Hospital, PB NO. 222, Azad Line, Kottayam 686 001 |
| 18 | St.Thomas Hospital, Chethipuzha<br>Kurisummoodu P.O., Changanacherry, Kottayam,<br>Kerala, Pin: 686 104 |

# List of Accredited Hospitals

| Sl. No | Name of Hospital |
|---|---|
| 19 | Caritas Hospital,<br>Thellakom (P.O),<br>Kottayam-686630 |
| 20 | Indo American Hospital<br>(Brain & Spinr Centre), Chemmanakary, Akkarappadam P O, Vaikom, KTM |
| 21 | Chazhikkat Hospital<br>Thodupuzha, Idukki,<br>Kerala |
| 22 | St. Mary's Hospital<br>Thodupuzha,Idukky Kerala |
| 23 | Holy Family Hospital<br>Muthalakkodam, Thodupuzha, Idukki, Kerala |
| 24 | St.John's Hospital, Kattappana, Idukki |
| 25 | Idukki District Co-operative Hospital Society<br>Ltd No.I.177, Thodupuzha, IDI |
| 26 | Little Flower Hospital & Research Centre, PB No. 23, angamaly - 683572, Ernakulam Dist |
| 27 | P S Mission Hospital<br>NH Byepass, Maradu, Kochi - 682304 |
| 28 | Lisie Hospital,<br>Ernakulam,<br>Kochi-18 |
| 29 | KIMS, Kochi |
| 30 | Lourdes Hospital, Pachalam, Kochi |
| 31 | Fathima Hospital, Perumpadappu, Kochi |
| 32 | Amala Cancer Hospital and Research Centre, Amala Nagar P. O, Thrissur 680555, Kerala |
| 33 | Jubilee Mission Medical College & Research Institute,<br>Bishop Alapatt Road, PB No, 737, Jubilee Mission PO, Thrissur - 685005, |
| 34 | St. James Hospital<br>Chalakudy, Thrissur 680307, Kerala |
| 35 | Rajah Charitable Medical Trust, Murthuvattoor, Chavakkad-680506, Thrissur District |
| 36 | Paalana Institute of Medical Sciences, , Kannadi P O , Palakkad, Kerala , Pin : 678701 |
| 37 | Mother Care Hospital, Vattambalam, Kumaramputhur PO., Mannarkkad, 678583 |

| Sl. No | Name of Hospital |
| --- | --- |
| 38 | Karuna Medical College Hospital,<br>Vilayodi, Chittur,<br>Palakkad-678103 |
| 39 | Lakshmi Hospital, Chittur Road, Palakkad 678013, |
| 40 | P K Das Institute od Medical Sciences,<br>Ottappalam,<br>Palakkad-679522 |
| 41 | Valluvanad Hospital Complex Ltd,<br>Ottappalam, PKD |
| 42 | Thangam Hospital Of PMRC,<br>West Yakkara, PKD-678004 |
| 43 | EMS Co-operative Hospital & Research Centre Ltd., PB No. 25, Perunthalmanna, Malappuram, 679322 |
| 44 | MES Medical College Hospital<br>Malaparampu, Palachode P.O, Kolathur via, Perinthalmanna, Malappuram 679338 |
| 45 | Malabar Institute of Medical Sciences Ltd., Changuvetty, kottakkal - 676503, Malappuram, Kerala, |
| 46 | Al-Shifa Hospital<br>Ootty Road, Perinthalmanna - 679322, Malapuram, Kerala |
| 47 | Al-Mas Hospital<br>Changuvetty, Kottakkal, Malappuram 676503 |
| 48 | Fathima Mata Mission Hospital,<br>Kalpetta,<br>Wayanad |
| 49 | Baby Memorial Hospital,<br>Indira Gandhi Road,<br>Calicut-673004 |
| 50 | PVS Hospital,<br>Railway Station Road,<br>Calicut-673002 |
| 51 | Fathima Hospital,<br>Bank Road,<br>Calicut-673001 |
| 52 | KMCT Medical College,<br>West Mampatta,<br>Manassery (P.O), |
| 53 | Santhi Hospital,<br>Omassery, KKD |
| 54 | Malabar Medical College Hospital & Research Centre, |
| 55 | Kannur Medical College,<br>Anjarakandy, Kannur 670612 |
| 56 | Tellicherry Co-operative Hospital<br>Co-operative Hospital Junction<br>Thalassery, Kannur, Kerala 670101 |

# List of Accredited Hospitals

| Sl. No | Name of Hospital |
|---|---|
| 57 | Kannur Co-operative Hospital Ltd, Talap, Kannur-2 |
| 58 | Koyili Hospital, Kannur |
| 59 | Malik Deenar Charitable Hospital, Kasaragod - 671122 |
| 60 | Laxmi Meghan Speciality Hospital,<br>Kovvalpally, Kanhangad South, Kasaragode |

S.O

# LIST OF ACCREDITED PRIVATE DIALYSIS CENTERS

| Sl. No. | Dist | Name of Hospital/ Centre |
|---|---|---|
| 1 | TRIVANDRUM | NOORUL ISLAM INSITUTE OF MEDICAL SCIENCE AND RESEARCH FOUNDATION, NEYYATTINKARA |
| 2 | TRIVANDRUM | JUBILEE MEMORIAL HOSPITAL, THIRUVANANTHAPURAM |
| 3 | TRIVANDRUM | AL-ARIF HOSPITAL, AMBALATHARA, THIRUVANANTHAPURAM |
| 4 | KOLLAM | PADMAVATHY MEDICAL FOUNDATION, SASTHAMCOTTAH, KOLLAM - 690521 |
| 5 | PATHANAMTHITTA | THIRUVALLA MEDICAL MISSION, THIRUVALLA - 689101 |
| 6 | KOZHIKKODE | APEX KIDNEY CARE PVT. LTD, KALPAKA TOURIST HOME, TOWN HALL ROAD, KOZHIKKODE - 673 001 |
| 7 | KOZHIKKODE | IQRAA INTERNATIONAL HOSPITAL AND RESEARCH CENTRE, MALAPPARAMBA, KOZHIKKODE |
| 8 | KOZHIKKODE | CALICUT CITY SERVICE COOPERATIVE BANK DIALYSIS CENTRE, CHALAPPURAM, KOZHIKKODE - 673002 |
| 9 | KOZHIKKODE | SHIHAB THANGAL DIALYSIS CENTRE, MEDICAL COLLEGE PO., KOZHIKKODE - 673008 |
| 10 | KOZHIKKODE | MIMS M.A. MOOPEN MEMORIAL DIALYSIS CENTRE, I.T. ROAD, VADAKARA, KOZHIKKODE |
| 11 | KOZHIKKODE | MIMS THANAL DIALYSIS CENTER, BUILDING NO. 4/15, 4/16, THANAL, BEACH ROAD, VADAKARA, KOZHIKKODE - 673103 |
| 12 | WAYANAD | SANTHI FREE AND SUBSIDISED DIALYSIS UNIT, KALPETA , WAYANAD |
| 13 | KOLLAM | POYANIL HOSPITAL, PUNALUR |
| 14 | KOLLAM | NS HOSPITAL, KOLLAM |
| 15 | ERNAKULAM | VIJAYA KUMAR MENON HOSPITAL, THRIPPUNITHURA |

| | | |
|---|---|---|
| 16 | ERNAKULAM | MAR AUGUSTINE JUBILEE HOSPITAL, EDAPALLY |
| 17 | ERNAKULAM | SPECIALIST HOSPITAL, ERNAKULAM - NORTH |
| 18 | ERNAKULAM | SHANTHI FREE AND SUBSIDISED DIALYSIS UNIT ATTACHED TO MAR BASELIOSE MISSION HOSPITAL, KOTHAMANGALAM |
| 19 | ERNAKULAM | ST. GEORGE HOSPITAL, MOOVATTUPUZHA |
| 20 | ERNAKULAM | SAMARITANS HOSPITAL, KIZHAKKAMBALAM |
| 21 | MALAPPURAM | PRASANTHI HOSPITAL, MANJERI |
| 22 | PALAKKAD | SANTHI FREE AND SUBSIDISED DIALYSIS UNIT ATTACHED TO THANGAM HOSPITAL, WEST YAKARA, PALAKKAD |
| 23 | ALAPPUZHA | SANJEEVANI HOSPITAL, CHENGANOOR |
| 24 | THRISSUR | SANTHI DIALYSIS CENTER ATTACHED TO ROYAL HOSPITAL, KUNNAMKULAM |
| 25 | THRISSUR | SANTHI DIALYSIS CENTER ATTACHED TO METRO POLITAN HOSPITAL, THRISSUR |
| 26 | THRISSUR | ELITE MISSION HOSPITAL, KOORKANCHERY |
| 27 | THRISSUR | ST. JAMES HOSPITAL, CHALAKKUDI |
| 28 | THRISSUR | MODERN HOSPITAL CHARITIES, KODUNGALLURE |

S.O

u-2392 അനുബന്ധം II

| KARUNYA BENEVOLENT FUND | | | |
|---|---|---|---|
| DETAILS OF FINANCIAL ASSISTANCE RELEASED TO PATIENTS UPTO 31.12.2013 | | | |
| | | TOTAL | |
| SL. NO | NAME OF HOSPTIAL | NO | AMOUNT |
| 1 | Medical College Hospital, Tirvandrum | 1639 | 200903055 |
| 2 | Medical College Hospital, Alappuzha | 361 | 34489450 |
| 3 | Medical College Hospital, Kottayam | 2811 | 278588585 |
| 4 | Medical College Chest Hospital, Thrissur | 421 | 25161443 |
| 5 | Medical College Hospital, Kozhikkode | 2473 | 288080489 |
| 6 | CO-OP, Medical College Hosp, KOCHI | 11 | 797400 |
| 7 | CO-OP, Medical College Hosp, Pariyaram | 2728 | 307340961 |
| 8 | SCTIMST, TVPM | 1545 | 188222207 |
| 9 | RCC, TVPM | 3110 | 357397859 |
| 10 | Malabar Cancer Centre, KNR | 1309 | 145202814 |
| 11 | SAT, TVPM | 10 | 1605000 |
| 12 | Community Health Centre Meenagadi, Wayanad | 1 | 32400 |
| 13 | Taluk Head Quarters Hospital, BATHERY, WYD | 1 | 20000 |
| 14 | District Hospital , Mananthawadi Wayanad | 15 | 536725 |
| 15 | Primary Health Centre, Varadur, Wayanad | 1 | 12000 |
| 16 | District Hospital, Palakkad | 9 | 236350 |
| 17 | Taluk Head Quarters Hospital, Alathur Palakkad | 3 | 32500 |

| KARUNYA BENEVOLENT FUND | | | |
|---|---|---|---|
| DETAILS OF FINANCIAL ASSISTANCE RELEASED TO PATIENTS UPTO 31.12.2013 | | | |
| | | TOTAL | |
| SL. NO | NAME OF HOSPTIAL | NO | AMOUNT |
| 18 | District Hospital, ALUVA | 83 | 4754595 |
| 19 | District Hospital, Pathanamthitta | 18 | 1467333 |
| 20 | KMSCL, TVPM | 45 | 16333205 |
| 21 | Govt Hospital, Kadaplamattom | 1 | 150000 |
| 22 | Taluk Head Quarters Hospital, Chittoor Palakkad | 1 | 30000 |
| 23 | DIST. Hospital Kozhenchery | 1 | 25000 |
| 24 | DIST. Hospital Thrissur | 3 | 115000 |
| 25 | General Hospital Ernakulam | 450 | 46921041 |
| 26 | General Hospital Kasargod | 2 | 175000 |
| 27 | District Hospital, Kottayam | 2 | 190000 |
| 28 | Taluk Head Quarters Hospital, Muvattupuzha | 1 | 20000 |
| 29 | Taluk Head Quarters Hospital, Pambady | 1 | 20000 |
| 30 | General Hospital, Manjeri | 3 | 77797 |
| 31 | Taluk Head Quarters Hospital, Perinthalmanna | 1 | 50000 |
| 32 | Taluk Head Quarters Hospital, Thiruvalla | 1 | 30000 |
| 33 | Taluk Head Quarters Hospital, Fort Kochi | 1 | 103800 |

cl-2392

KARUNYA BENEVOLENT FUND

DETAILS OF FINANCIAL ASSISTANCE RELEASED TO PATIENTS UPTO 31.12.2013

| | | TOTAL | |
|---|---|---|---|
| SL. NO | NAME OF HOSPTIAL | NO | AMOUNT |
| 34 | Taluk Head Quarters Hospital, Nilambur Malappuram | 4 | 247975 |
| 35 | General Hospital, Thalassery | 1 | 117500 |
| 36 | Taluk Head Quarters Hospital,Malappuram | 1 | 12500 |
| 37 | GH TVM | 15 | 350675 |
| 38 | District Hospital, Thirur, MPM | 6 | 280000 |
| 39 | Govt Tribal Hospital Nalloornad, Wayanad | 7 | 705000 |
| | Total | 17096 | 1900835659 |

S.O

ul+2392 അനുബന്ധം III

# Amount Released to Accredited Private Hospitals as on 09-01-2014

| Sl. No. | Name of Hospital | No. of Beneficiaries | Hospital Total |
|---|---|---|---|
| 1 | Al-Mas Hospital, Changuvetty, Kottakkal, Malappuram 676503 | 75 | 13,83,200 |
| 2 | Al-Shifa Hospital, Ootty Road, Perinthalmanna - 679322, Malapuram, Kerala | 42 | 18,16,100 |
| 3 | Amala Cancer Hospital and Research Centre, Amala Nagar P. O, Thrissur 680555, Kerala | 160 | 76,89,650 |
| 4 | Azeezia Institute of Medical Sciences, Meeyyannoor PO, Kollam, Kerala - 691537 | 11 | 2,86,700 |
| 5 | Bharath Hospital, PB NO. 222, Azad Line, Kottayam 686 001 | 63 | 49,64,000 |
| 6 | Bishop Benziger Hospital, Kollam | 5 | 1,84,950 |
| 7 | Baby Memorial Hospital Indira Gandhi Road, Calicut, 673004 | 46 | 40,17,200 |
| 8 | Caritas Hospital, Kottayam | 110 | 63,84,000 |
| 9 | Chazhikkat Hospital, Thodupuzha, Idukki, Kerala | 15 | 2,67,000 |
| 10 | Christian Mission Hospital, Pandalam - 689501 | 15 | 3,79,660 |
| 11 | EMS Co-operative Hospital & Research Centre Ltd., PB No. 25, Perunthalmanna, Malappuram, 679322 | 142 | 78,46,522 |
| 12 | Fatima Mata Mission Hospital, Wayanad, Kerala | 40 | 11,30,350 |
| 13 | Holy Family Hospital Muthalakkodam, Thodupuzha, Idukki, Kerala | 10 | 8,46,000 |
| 14 | India Hospital Trust, Mele Thampanoor, Trivandrum - 695 001, | 20 | 5,16,100 |
| 15 | Jubilee Mission Medical College & Research Institute, Bishop Alapatt Road, PB No, 737, Jubilee Mission PO, Thrissur - 685005, | 12 | 3,64,529 |
| 16 | Kannur Medical College, Anjarakandy, Kannur 670612 | 81 | 30,28,350 |
| 17 | KIMS Pinnacle, Anayara P.O., Trivandrum - 695029. | 6 | 2,54,500 |
| 18 | KMCT Medical College, West Mampatta, Manassery PO, Mukkom, Kozhikkode 673602 | 29 | 18,14,950 |
| 19 | Lakshmi Hospital, Chittur Road, Palakkad 678013, PH: 0491-2539999, 2529999, | 3 | 76,36,500 |
| 20 | Laxmi Meghan Speciality hospital, Kasaragod | 146 | 28,000 |
| 21 | Lisie Hospital, Ernakulam | 36 | 44,00,929 |
| 22 | Little Flower Hospital & Research Centre, PB No. 23, angamaly - 683572, Ernakulam Dist | 73 | 49,35,787 |
| 23 | Lourdes Hospital, Ernakulam | 11 | 3,24,000 |
| 24 | Malabar Medical College Hospital & Research Centre, Kozhikkode | 3 | 1,57,000 |
| 25 | Malik Deenar Charitable Hospital, Kasaragod | 40 | 1,300 |
| 26 | Meditrina Hospital, TC 2/2367-1, Pattom, Trivandrum-695 004 | 8 | 3,80,000 |
| 27 | MES Medical College Hospital, Malaparampu, Palachode PO, Kolathur via, Perinthalmanna, Malappuram 679338 | 40 | 1,12,358 |
| 28 | Malabar Institute of Medical Sciences Ltd.. Changuvetty, kottakkal - 676503, Malappuram, | 18 | 10,58,968 |
| 29 | Muthoot Medical centre, College Road, Kozhanchery, Pathanamthitta 689641 | 21 | 4,50,450 |
| 30 | Paalana Institute of Medical Sciences, Palakkad, Kannadi P O , Palakkad, Kerala , Pin : | 7 | 3,10,000 |
| 31 | P K Das Institute of Medical Sciences, Ottappalam, Palakkad | 8 | 4,84,800 |
| 32 | P S Mission Hospital, NH Byepass, Maradu, Kochi - 682304 | 13 | 2,98,350 |
| 33 | Pushpagiri Medical College, Thiruvalla - 689101 | 70 | 23,04,350 |
| 34 | PVS Hospital, Railway Station Road, Calicut, Kerala - 673002 | 6 | 6,76,000 |
| 35 | Rajah Charitable Medical Trust, Murthuvattoor, Chavakkad-680506, Thrissur District | 22 | 10,75,400 |
| 36 | Sree Narayan Trust Medical Mission, PB No. 32, Kollam 691002 | 13 | 4,84,650 |
| 37 | Sree Gokulam Medical College & Research Foundation, Karinchathi Road, Venjaramodu PO, Trivandrum 695 011 | 50 | 11,77,700 |
| 38 | St. James Hospital , Chalakudy, Thrissur 680307, Kerala | 15 | 7,38,000 |
| 39 | St. Mary's Hospital, Thodupuzha,Idukky Kerala | 19 | 7,95,900 |
| 40 | St. Thomas, Kottayam | 5 | 92,700 |
| 41 | St. Thomas, Malakkara, Pathanamthitta | 6 | 1,21,550 |
| 42 | Sree Uthradom Thirunal Academy of Medical Sciences, Vencode, Vattappara PIN-695028 | 6 | 1,61,000 |
| 43 | Tellicherry Co-operative Hospital, Co-operative Hospital Junction, Thalassery, Kannur, Kerala 670101 | 32 | 8,87,364 |
| 44 | Travancore Medical College, N H Byepass Road, Mylapore, Umayanallur, Kollam. 691589 | 18 | 5,96,050 |
| 45 | Valluvanad Hospital Complex Ltd., [illegible]niyampuram - Post, Ottapalam, Palakkad - Pin 679 | 118 | 39,05,445 |
| | Grand Total | 1,689 | 7,67,68,312 |

S.O

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2393 — 23-01-2014 ലെ മറുപടിയ്ക്ക്

### ശാന്തി ഫ്രീ ആന്റ് സബ്സിഡൈസ്ഡ് ഡയാലിസിസ് യൂണിറ്റിനെ കാരുണ്യാ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്യുന്നത് സംബന്ധിച്ച്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ബി.ഡി.ദേവസ്സി : | ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി) |
| എ) ചാലക്കുടി മണ്ഡലത്തിലെ പോട്ട ധന്യ ഹോസ്പിറ്റലിൽ പ്രവർത്തിക്കുന്ന ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ ഗുരുവായൂരിന്റെ കീഴിലുള്ള ശാന്തി ഫ്രീ ആന്റ് സബ്സിഡൈസ്ഡ് ഡയാലിസിസ് യൂണിറ്റിനെ കാരുണ്യ ബെനവലന്റ് ഫണ്ടിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിനുള്ള അപേക്ഷയിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;<br><br>ബി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ അടിയന്തിര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | എ) & ബി) സംസ്ഥാനത്തെ ഓരോ താലൂക്കിലും 2 വീതം സ്വകാര്യ ഡയാലിസിസ് സെന്ററുകളെ പദ്ധതിയിലേക്ക് അക്രെഡിറ്റ് ചെയ്യുന്നതിന് തീരുമാനിക്കുകയും, ആയതിനു നിശ്ചിത യോഗ്യതകളുള്ള സ്ഥാപനങ്ങളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും ചെയ്തിരുന്നു. കുറഞ്ഞത് 5 ഡയാലിസിസ് മെഷീനുകൾ എങ്കിലും ഉള്ള ആശുപത്രികളെയാണ് ഈ വിഭാഗത്തിൽ അക്രെഡിറ്റേഷനായി പരിഗണിച്ചിട്ടുള്ളത്. എന്നാൽ ശാന്തി മെഡിക്കൽ ഇൻഫർമേഷൻ സെന്റർ ഗുരുവായൂരിന്റെ കീഴിലുള്ള ശാന്തി ഫ്രീ ആന്റ് സബ്സിഡൈസ്ഡ് ഡയാലിസിസ് യൂണിറ്റിന് 3 ഡയാലിസിസ് മെഷിനുകൾ മാത്രമാണുള്ളത്. അതിനാൽ നിലവിലുള്ള വ്യവസ്ഥ പ്രകാരം പ്രസ്തുത സ്ഥാപനത്തിന്റെ അപേക്ഷ പരിഗണിയ്ക്കുവാൻ സാധിക്കുകയില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2394.

23/01/2014 -ൽ മറുപടിക്ക്

**വ്യാജ മുദ്രപ്പത്രവിതരണം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ<br>,, സി. മമ്മുട്ടി<br>,, കെ. എൻ. എ. ഖാദർ<br>,, എൻ. എ. നെല്ലിക്കുന്ന് | ശ്രീ. കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| എ) വ്യാജ മുദ്രപ്പത്ര വിതരണം കണ്ടെത്താൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ; | എ) വ്യാജ ജുഡീഷ്യൽ മുദ്രപ്പത്ര വിതരണം നടത്തുന്നത് സംബന്ധിച്ച് ട്രഷറി വകുപ്പ് വകുപ്പുതല അന്വേഷണം നടത്തുന്നുണ്ട്. ട്രഷറിയിൽ നിന്നും മുദ്രപ്പത്ര വിതരണം ചെയ്തു കഴിയുന്നതുവരെ അവയിൽ വ്യാജമുദ്രപ്പത്രങ്ങൾ കടന്നുകുടിയതായി കണ്ടെത്തിയിട്ടില്ല. ട്രഷറിക്ക് പുറത്താണ് യഥാർത്ഥത്തിൽ വ്യാജമുദ്രപ്പത്ര ക്രയവിക്രയം നടക്കുന്നത്.<br>മുദ്രപ്പത്രവിതരണം കൂടുതൽ കാര്യക്ഷമമാക്കാൻ വേണ്ടി ട്രഷറി വകുപ്പ് 20/04/2012-ൽ 07/12 നമ്പറിൽ ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. ടി സർക്കുലറിന്റെ അടിസ്ഥാനത്തിൽ മാത്രമേ മുദ്രപ്പത്രങ്ങൾ വിതരണം ചെയ്യാൻ പാടുള്ളുവെന്ന് എല്ലാ ജില്ലാ / സബ് ട്രഷറി ഓഫീസർമാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. രഹസ്യ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വ്യാജമുദ്ര പത്ര വിതരണം കണ്ടെത്തുന്നതിന് പോലീസ് റെയ്ഡുകൾ നടത്തി നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| ബി) മുദ്രപ്പത്രങ്ങൾ വ്യാജമായി നിർമ്മിച്ച് വിതരണം നടത്തിയതു സംബന്ധിച്ച എത്ര കേസുകൾ നിലവിലുണ്ട്; അവയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ; | ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമുദ്രപ്പത്രങ്ങൾ നിർമ്മിച്ച് വിതരണം നടത്തിയത് സംബന്ധിച്ച് തിരുവനന്തപുരം ജില്ലയിലെ വഞ്ചിയൂർ പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ.337/2012, 369/2012 എന്നീ നമ്പരുകളിൽ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. തുടരന്വേഷണം നടത്തുന്നതിനായി ഈ കേസുകൾ 26/06/12ൽ ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുണ്ട്.. |

| | |
|---|---|
| സി) കമ്പ്യൂട്ടറൈസേഷൻ ഏകദേശം പൂർണ്ണ മായ സാഹചര്യത്തിൽ, രജിസ്ട്രേഷൻ സംബന്ധമായ സ്റ്റാമ്പ് ഡ്യൂട്ടി മുദ്രപ്പത്രം മുഖേന യല്ലാതെ ബാങ്ക് വഴി അട യ്ക്കുന്ന സമ്പ്രദായം ഏർപ്പെടു ത്തുന്ന നടപടിക്രമങ്ങൾ സുഗ മവും സുരക്ഷിതവും ആക്കു ന്നതിന് സഹായകരമാകുമോ എന്ന കാര്യം പരിശോധിച്ചിട്ടു ണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത വിഷയം പരിഗണിക്കുമോ; വ്യക്തമാക്കുമോ ? | സി) വ്യാജമുദ്രപ്പത്ര വിതരണം തടയുന്ന തിനായി വിവര സാങ്കേതികവിദ്യയുടെ സഹായത്താൽ മുദ്രകൾ ഇലക്ട്രോണിക് രൂപത്തിൽ ലഭ്യമാക്കുന്നതിനുള്ള ഇ-സ്റ്റാമ്പിംഗ് സംവിധാനം നടപ്പിലാക്കുന്ന തിനുള്ള നടപടികൾ ആരംഭിക്കകയും ഇതിനായി കേന്ദ്രസർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററിന്റെ (എൻ.ഐ.സി.) സാങ്കേതിക സഹായ ത്താൽ രജിസ്ട്രേഷൻ, ട്രഷറി വകുപ്പു കളുടെ സംയുക്ത സഹകരണത്തോടെ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരികയുമാണ്. ആയതിന്റെ പ്രായോഗിക വശങ്ങളെക്കുറിച്ച് പഠിക്കു ന്നതിനായി രജിസ്ട്രേഷൻ, ട്രഷറി, എൻ.ഐ.സി. ഉദ്യോഗസ്ഥരുടെയും സാങ്കേ തിക വിദഗ്ദ്ധരുടെയും ഒരുസമിതി രൂപീ കരിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തി ട്ടുണ്ട്. ഇ-സ്റ്റാമ്പിംഗ് സംവിധാനം നില വിൽ വരുമ്പോൾ ഇന്റർനെറ്റ് ബാങ്കിംഗ് സംവിധാനം പ്രയോജനപ്പെടുത്തി ആർ ക്കും ഏതു സമയത്തും സ്റ്റാമ്പ് വാങ്ങാ വുന്നതും, സ്റ്റാമ്പ് ഡ്യൂട്ടി ബാങ്ക് വഴി അടയ്ക്കാവുന്നതുമാണ്. ഇ-സ്റ്റാമ്പിംഗ് സംവിധാനത്തിൽ മുദ്രപ്പത്രങ്ങൾ നേരിട്ട് വാങ്ങേണ്ടതില്ലാത്തതിനാൽ ഇത് അത്യന്തം സുരക്ഷിതമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2415** **23.01.2014-ൽ മറുപടിയ്ക്ക്**

# പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ആർ.സെൽവരാജ്**<br>**ശ്രീ.എ.പി.അബ്ദുളളക്കുട്ടി**<br>**ശ്രീ.ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ.പി.എ.മാധവൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**<br>**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന മികവ് വിലയിരുത്താൻ റേറ്റിംഗ് ഘടന നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനമികവ് വിലയിരുത്തുന്നതിനായി MOU സംവിധാനം നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മെച്ചപ്പെട്ട പ്രവർത്തനം കാഴ്ച്ചവെയ്ക്കുന്ന സ്ഥാപനങ്ങൾക്ക് റേറ്റിങ്ങ് നൽകുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |
| (ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ; | (ബി) MOU സംവിധാനം നടപ്പിലാക്കുന്നതു വഴി പൊതുമേഖലാസ്ഥാപനങ്ങളുടെ ഉൽപ്പാദനക്ഷമത, വിറ്റുവരവ്, ലാഭം, സാമ്പത്തിക അച്ചടക്കം, ഉൽപ്പന്നത്തിന്റെ ഗുണമേന്മയും അംഗീകാരവും, തൊഴിലാളി-മാനേജ്മെന്റ് ബന്ധം, Research & Development സ്ഥാപനങ്ങളുമായുള്ള ബന്ധം, സാമൂഹിക പ്രതിബദ്ധത എന്നീ മേഖലകളിൽ വ്യവസായങ്ങൾ കൈവരിക്കേണ്ട നേട്ടങ്ങൾ മുൻകൂട്ടി നിശ്ചയിച്ച് വിലയിരുത്തുന്നതു കൊണ്ട് കമ്പനികളുടെ മൊത്തത്തിലുള്ള പ്രവർത്തന ക്ഷമതയും സുതാര്യതയും വർദ്ധിക്കുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ; | (സി) & (ഡി) | 2012 - 13 സാമ്പത്തിക വർഷം 21 സ്ഥാപനങ്ങളുടെ പരീക്ഷണാടിസ്ഥാനത്തിലുള്ള MoU തയ്യാറാക്കി അവയിൽ 10 സ്ഥാപനങ്ങളുടെ അവലോകനം (External Evaluation) നടത്തുന്നതിനായി Centre for Management Development (CMD) യെ ചുമതലപ്പെടുത്തിയിരുന്നു. കൂടുതൽ വിറ്റുവരവും ലാഭവും ഉണ്ടാക്കുന്ന സ്ഥാപനങ്ങളെ മാത്രം ഉൾപ്പെടുത്തി ഈ സംവിധാനം നടപ്പിലാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ? | | |

Manu

സെക്ഷൻ ഓഫീസർ

13-ാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2416 — 23.01.2014-ൽ മറുപടിയ്ക്ക്

## നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പദ്ധതി

**ചോദ്യം**

ശ്രീ.കെ.ശിവദാസൻ നായർ
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി
ശ്രീ.ബെന്നി ബെഹനാൻ

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കർമ്മപദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും വിശദമാക്കുമോ;

**ഉത്തരം**

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

(എ) & (ബി) ഉണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നതിന്റെ അടിസ്ഥാനകാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ ലാഭത്തിലാക്കുവാനുള്ള നടപടികളുടെ ഭാഗമായി ഈ സാമ്പത്തിക വർഷം ബഡ്ജറ്റ് വകയിരുത്തിയ 182 കോടി രൂപയ്ക്ക് പുറമേ 15 കോടി രൂപയുടെ അധിക ധനസഹായവും അനുവദിച്ചിട്ടുണ്ട്.വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തി പൊതു മേഖലയിൽ തന്നെ നിലനിർത്തുവാനാണ് ഈ തുക ഉപയോഗിക്കുന്നത്.

| | | | |
|---|---|---|---|
| (സി) | പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കാനും ഉൽപ്പാദനത്തിനനുസരിച്ച് തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതിനും എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (സി) | ഈ പദ്ധതിയുടെ ഭാഗമായി ഒരു നിശ്ചിത പരിധിക്ക്മുകളിലുള്ള ഉൽപ്പാദനത്തിനാനുപാതികമായി തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ നൽകാൻ ഈ പദ്ധതി ലക്ഷ്യമിട്ടിട്ടുണ്ട്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശം നൽകുമോ? | (ഡി) | നഷ്ടത്തിന്റെ അടിസ്ഥാന കാരണങ്ങൾ കണ്ടെത്തി ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവത്ക്കരണമുൾപ്പെടെയുള്ള നവീകരണ വിപുലീകരണ പദ്ധതികൾക്കായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്. |

Manu

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2417

23.1.2014-ൽ മറുപടിക്ക്

# പൊതുമേഖലാ സ്ഥാപനങ്ങളിൽ എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.സണ്ണി ജോസഫ്<br>ശ്രീ.എം.പി.വിൻസെൻറ്<br>ശ്രീ.വർക്കല കഹാർ<br>ശ്രീ.സി.പി.മുഹമ്മദ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനങ്ങളിൽ എൻറർപ്രൈസസ് റിസോഴ്സ് പ്ലാനിംഗ് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ; | (എ) പരിഗണനയിലുണ്ട്. |
| (ബി) ഇതിൻെറ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | (ബി) പൊതുമേഖലാസ്ഥാപനങ്ങളുടെ കണക്കുകൾ യഥാസമയം ക്രോഡീകരിച്ച് ഒരു സാമ്പത്തിക വർഷം കഴിഞ്ഞാലുടൻ ആഡിറ്റ് പൂർത്തിയാക്കാൻ വേണ്ടിയുള്ള ഇലക്ട്രോണിക്സ് സംവിധാനം (ERP) സ്ഥാപനങ്ങളുടെ സാമ്പത്തികസ്ഥിതിയുടെ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ERP സംവിധാനം വ്യവസായവകുപ്പിൻെറ അധീനതയിലുള്ള മലബാർ സിമൻറ്സിൽ ഇപ്പോൾ നിലവിലുണ്ട്. മറ്റു സ്ഥാപനങ്ങളിൽക്കൂടി ERP സംവിധാനം താരതമ്യേന ചെലവു കുറഞ്ഞതും സുതാര്യവുമായ രീതിയിൽ നടപ്പിലാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ e-tender മുഖേന ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത് നടപ്പിലാക്കുകവഴി സ്ഥാപനങ്ങളിലെ എല്ലാ വകുപ്പുകളെയും ഏകോപിപ്പിച്ച് ഫലപ്രദമായി പ്രവർത്തിക്കുവാനുള്ള സംവിധാനം സാധ്യമാകും. കൂടാതെ ഓരോ കമ്പനികളുടെയും |

| | |
|---|---|
| | മൊത്തത്തിലുള്ള പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങൾ ഓൺലൈൻ ആയി ലഭ്യമാക്കാനും കഴിയും. |
| (സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | (സി) റിയാബിന്റെ മേൽനോട്ടത്തിൽ പൊതു ദർഘാസ് വഴിയായിരിക്കും ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ഏജൻസികളെ തെരഞ്ഞെടുക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചി ട്ടുണ്ട്; വിശദമാക്കാമോ? | (ഡി) ഇതിനായുള്ള കരട് ദർഘാസ് രേഖ വ്യവസായ വകുപ്പും വിവരസാങ്കേതിക വകുപ്പും പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

13-ാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: **2418**

23.01.2014-ൽ മറുപടിയ്ക്ക്

## കേന്ദ്ര - സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങളുടെ വിപണി വിപുലീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. റ്റി.എൻ.പ്രതാപൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി ചേർന്ന് വിപണി വിപുലീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;വിശദമാക്കുമോ; | (എ) | ഉണ്ട്.കേന്ദ്രപൊതു മേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി കേന്ദ്ര പൊതുമേഖലാസ്ഥാപനങ്ങളുമായി ചേർന്നുള്ള സംയുക്ത സംരംഭങ്ങൾ, വിപണന വിപുലീകരണം, ഉൽപ്പാദന വർദ്ധന എന്നിവയ്ക്ക് സർക്കാർ പ്രഥമപരിഗണന നൽകി നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തന രീതിയും എന്തൊക്കെയാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി)<br>(സി)<br>&<br>(ഡി) | വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ; | | |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ

- കേന്ദ്ര സർക്കാർ സ്ഥാപനമായ **സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും**കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് പ്രതിവർഷം 10000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 3250 കോടിരൂപയുടെ ഒരു സംയുക്ത സംരംഭത്തിന് ധാരണാ പത്രം 04.04.2013 ൽ ഒപ്പിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി SAIL ന്റെയും കേരള സർക്കാരിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

- മലബാർ സിമന്റ്സിന്റെ നിലവിലുള്ള ഉൽപാദനശേഷി കേരളത്തിന്റെ സിമന്റ് ഉപഭോഗത്തിന്റെ 6-7 ശതമാനം മാത്രം നിറവേറ്റാൻ പര്യാപ്തമാണ്. ഇതു വർദ്ധിപ്പിക്കുവാനായി കേന്ദ്ര പൊതുമേഖലാസ്ഥാപനമായ സിമന്റ് കോർപ്പറേഷൻ ഓഫ് ഇൻഡ്യയുടെ ടാൻഡൂർ പ്ലാന്റിൽ നിന്നും ക്ലിങ്കറും, സിമന്റും ലഭ്യമാക്കുന്നതിനുള്ള ഒരു ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ട്. വാളയാറിൽ നിലവിലുള്ള സിമന്റ് മില്ലിന്റെ ഉൽപാദനശേഷി ഇരട്ടിയാക്കുന്നതിനായി സിമന്റ് കോർപറേഷൻ ഓഫ് ഇൻഡ്യയുടെ പ്രവർത്തനം നിർത്തിയ ഒരു പ്ലാന്റിൽ നിന്നും ഒരു മില്ല് ലഭ്യമാക്കുന്നതിനുള്ള feasibility report തയ്യാറായിട്ടുണ്ട്.

- മലബാർ സിമന്റ്സ് ലിമിറ്റഡിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും, ക്ലിങ്കറും, സിമന്റും കടൽ മാർഗ്ഗം എത്തിക്കുവാൻ സാധിച്ചാൽ മാർക്കറ്റ് വിഹിതം 25% ത്തോളം എത്തിക്കാൻ സാധിക്കും. ഇതിനായുള്ള ആദ്യനടപടിയായി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം പാട്ടത്തിനെടുത്ത് അവിടെ ഒരു സിമന്റ് ലോജിസ്റ്റിക് ഹബ് സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിഗണനയിലാണ്.

- കെ.എസ്.ഡി.പിയുടെ വൈവിദ്ധ്യവത്ക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി ഇൻഡ്യയിലും, ആഗോള തലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും, കമ്പനിയെ ഒരംഗീകൃത മരുന്ന് ഉൽപ്പാദന സ്ഥാപനമായി രാജ്യാന്തരതലത്തിൽ ഉയർത്തുന്നതിലേക്കായി **എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി** ചേർന്നുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി എസ്.ബി.ഐ.ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

- **സ്റ്റേറ്റ് ട്രേഡിങ് കോർപ്പറേഷനുമായി** സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ ഇറക്കുമതി ചെയ്യാനുള്ള പദ്ധതി .

- **MSTC Ltd** ന്റെ സഹായത്തോടുകൂടി കോൾ ലഭ്യമാക്കിയിട്ടുണ്ട്. സ്ക്രാപ്പ് മുതലായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- **കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി** സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി ഗുണമേന്മയുള്ള പഞ്ഞി ലഭ്യമാക്കിയിട്ടുണ്ട്. **എൻ.സി.ഡി.സി** വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധന സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

- NCDC യുമായി സഹകരിച്ച് സഹകരണ സ്പിന്നിംഗ് മില്ലുകൾക്കുവേണ്ടി പ്രവർത്തനമൂലധനസഹായം ലഭ്യമാക്കാനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2419** **23.01.2014- ൽ മറുപടിക്ക്**

**"സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും ഗുണകരമാകുന്ന വ്യവസായങ്ങൾ"**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്തെ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങുന്നത് ഗുണകരമായിരിക്കുമെന്നതിനെപ്പറ്റി എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | എ) ഇന്റൻസീവ് ഇൻഡസ്ട്രിയൽ ഡ്രൈവിന്റെ ഭാഗമായി ജില്ലകൾ തോറും ജില്ലാ വ്യവസായ കേന്ദ്രം കേന്ദ്രീകരിച്ച് വ്യവസായ വികസനം സംബന്ധിച്ച് സാധ്യതാ പഠനം നടത്തിവരുന്നുണ്ട്. ഈ സാമ്പത്തിക വർഷം ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി നടത്തിവരുന്ന ഈ പദ്ധതിയുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് പൂർത്തിയായി വരുന്നതേയുള്ളൂ. |
| ബി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓരോ ജില്ലയിലും ഏതെല്ലാം വ്യവസായങ്ങൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;<br><br>സി) ഇത്തരത്തിലുള്ള വ്യവസായങ്ങൾ തുടങ്ങുന്നവർക്ക് നൽകുന്ന സഹായങ്ങളും ഇവരുടെ ഉൽപന്നം വിപണനം ചെയ്യുന്നതിന് നൽകുന്ന സംവിധാനങ്ങളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | ബി) & സി) പഠനം പൂർത്തിയായതിനു ശേഷമേ ഇതിന്റെ വിശദാംശങ്ങൾ ലഭിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2420** **23.01.2014- ൽ മറുപടിക്ക്**

**"ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ്"**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| **ശ്രീ. ലൂഡി ലൂയിസ്**<br>**ശ്രീ. ജോസഫ് വാഴക്കൻ**<br>**ശ്രീ. എ.റ്റി. ജോർജ്**<br>**ശ്രീ. പി.എ. മാധവൻ** | | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങൾക്ക് ഓൺലൈൻ ലൈസൻസ് ഏർപ്പെടുത്താനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | എ) | കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ കീഴിൽ വിവിധ ലൈസൻസ് നൽകുന്നതിലേയ്ക്കായി ഓൺ ലൈൻ ഏകജാലക സംവിധാനം ഏർപ്പെടുത്തുവാനായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ; | ബി) | പദ്ധതികൾക്കാവശ്യമായ ക്ലിയറൻസുകൾ സമയബന്ധിതമായി ലഭ്യമാക്കുക എന്നതാണ് ഈ സംവിധാനത്തിന്റെ മുഖ്യ ലക്ഷ്യം. |
| സി) ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുക വഴി നിലവിലെ നിയമത്തിൽ ഭേദഗതിക്കായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട്; വിശദമാക്കുമോ;<br>ഡി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം? | സി) & ഡി) | ഇതിന്റെ വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2421 — 23-01-2014-ൽ മറുപടിക്ക്.

### കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ. വി.പി.സജീന്ദ്രൻ | | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) | സംസ്ഥാനത്ത് കെ.എസ്.ഐ.ഡി.സി യുടെ നേതൃത്വത്തിൽ ലൈഫ് സയൻസ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തിരുവനന്തപുരം താലൂക്കിൽ വെയ്ലൂർ വില്ലേജിൽ തോന്നയ്ക്കലിൽ ആണ് പ്രസ്തുത ലൈഫ് സയൻസ് പാർക്ക് നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. |
| (ബി) | ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (ബി) & (സി) | കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് പര്യാപ്തമായ പദ്ധതിയാണ് ലൈഫ് സയൻസ് പാർക്ക്. ജൈവ ശാസ്ത്ര രംഗത്തെ വിവിധ തുറകളിൽ പരീക്ഷണ നിരീക്ഷണങ്ങളെ അടിസ്ഥാനപ്പെടുത്തി നൂതനമായ ഉൽപ്പന്നങ്ങളും, നിർമ്മാണ പ്രക്രിയകളും അടിസ്ഥാനമായിട്ടുള്ള വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുക എന്നതാണ് ഈ പാർക്ക് കൊണ്ട് ഉദ്ദേശിക്കുന്നത്.<br><br>ജീവശാസ്ത്ര വ്യവസായങ്ങൾക്കും, ശാസ്ത്ര സാങ്കേതിക സ്ഥാപനങ്ങൾക്കും പ്രയോജനപ്പെടുന്ന ഒരു വിജ്ഞാന കേന്ദ്രമായി ലൈഫ് സയൻസ് പാർക്ക് പ്രവർത്തിക്കുന്നതാണ്. കാർഷിക ജൈവ സാങ്കേതിക, സമുദ്ര വിഭവ, ജൈവ സാങ്കേതിക, ബയോ ഇൻഫർമാറ്റിക്സ്, ബയോ മെഡിക്കൽസ്, ബയോ ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയ വ്യത്യസ്ത ജൈവ ശാസ്ത്ര മേഖലകളുടെ ഗവേഷണ പദ്ധതികൾക്കും വികസന പ്രവർത്തനങ്ങൾക്കും, ഉൽപ്പാദന പ്രക്രിയകൾക്കും |
| (സി) | വൈദ്യ ഗവേഷണ രംഗത്തും മറ്റ് ജീവ ശാസ്ത്രമേഖലയിലും അവസരങ്ങൾ ഒരുക്കുവാൻ എന്തെല്ലാം നിർദ്ദേശങ്ങളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ; | | |

ലൈഫ് സയൻസ് പാർക്ക് അവസരമൊരുക്കും. അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഇൻക്യുബേഷൻ സെന്റർ, എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടിയ ലബോറട്ടറി തുടങ്ങിയ സംവിധാനങ്ങൾ ഈ പാർക്കിന്റെ സവിശേഷതകളാണ്.

| | |
|---|---|
| (ഡി) ഇത് യാഥാർത്ഥ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ? | (ഡി) ഈ പാർക്കിന്റെ ശിലാസ്ഥാപനം 29/08/2013 ൽ നടത്തുകയുണ്ടായി. കേന്ദ്രസർക്കാരിന്റെ ബയോടെക്നോളജി വകുപ്പിന്റെ ധനസഹായത്തോടെ ഏകദേശം 30 കോടി രൂപ മുതൽമുടക്കുള്ള ഒരു ആധുനിക ഇൻക്യുബേഷൻ സെന്റർ സ്ഥാപിക്കാനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. ഈ ഇൻക്യുബേഷൻ സെന്ററിന്റെ സിവിൽ വർക്ക്സ് തുടങ്ങുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു. ഈ പദ്ധതി അതിവേഗം സമയബന്ധിതമായി നടപ്പിലാക്കാൻ ഒരു സൊസൈറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ അവസാനഘട്ടത്തിലാണ്. ലൈഫ് സയൻസ് സെക്ടറിൽ കാർഷിക ജൈവ സാങ്കേതിക, സമുദ്ര വിഭവ ജൈവ സാങ്കേതിക, ബയോ ഇൻഫർമാറ്റിക്സ്, ബയോ മെഡിക്കൽസ്, ബയോഫാർമസ്യൂട്ടിക്കൽസ് എന്നീ മേഖലകളിലുള്ള വവിധ സംരംഭകരെ ആകർഷിക്കുവാനുള്ള ശ്രമങ്ങൾ ആരംഭിച്ചു കഴിഞ്ഞു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2422

23.01.2014 - ലെ മറുപടിക്ക്

## ഇൻഡസ്ട്രിയൽ ഇക്കോളജി

ചോദ്യം

ശ്രീ. എം.വി. ശ്രേയാംസ്
കുമാർ
" പി.സി. ജോർജ്ജ്
" റോഷി അഗസ്റ്റിൻ
ഡോ. എൻ. ജയരാജ്.

മറുപടി

ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് ഇൻഡസ്ട്രിയൽ ഇക്കോളജി രൂപപ്പെടുത്തുന്ന കാര്യത്തിൽ സർക്കാർ നയം വ്യക്തമാക്കുമോ ; | (എ) & (ബി) : ഈ വിഷയത്തിൽ വ്യവസായ വകുപ്പ് നയപരമായ തീരുമാനമൊന്നും എടുത്തിട്ടില്ല. |
| (ബി) ഇതിനായി വ്യവസായ വകുപ്പ് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുമെന്ന് വെളിപ്പെടുത്തുമോ ; | |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2423

23.1.2014ൽ മറുപടിയ്ക്ക്

## പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി (ബഹു. വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനു സ്വീകരിച്ച നടപടികളും പദ്ധതികളും എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) സംസ്ഥാനത്തെപരമ്പരാഗത വ്യവസായങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികളും പദ്ധതികളും അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) സർക്കാർ നടപടികളുടെ ഭാഗമായി ഈ വ്യവസായ മേഖലയിൽ സഹായം ലഭിച്ച വ്യവസായങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ; | (ബി) പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുവാനും ശക്തിപ്പെടുത്തുവാനും വേണ്ടി 2013-14 ലെ ബഡ്ജറ്റിൽ കശുവണ്ടി മേഖലക്ക് 71.5 കോടി രൂപ , കയർ മേഖലക്ക് 111.37 കോടി രൂപ,കൈത്തറി മേഖലക്ക് 76.76 കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട്. കൂടാതെ ഹാന്റിക്രാഫ്റ്റ്സ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ, കേരള ആർസാൻസ് കോർപ്പറേഷൻ സുരഭി,കെൽപാം,കേരള സ്റ്റേറ്റ് ബാമ്പൂ കോർപ്പറേഷൻ എന്നിവക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള മൂന്ന് കോടി രൂപക്ക് പുറമെ മൂന്ന് കോടി രൂപ കൂടി ബഡ്ജറ്റ് |

പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. പരമ്പരാഗത മേഖലയിലെ ഗ്രാമീണ വ്യവസായ യൂണിറ്റുകൾ പുനരുജ്ജീവിപ്പിക്കുന്നതിനായി ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിനും കെൽപാമിനുമായി 13.31 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(സി) കയർ, കശുവണ്ടി,ഖാദി,മുള എന്നീ വ്യവസായങ്ങളിലും കര കൗശല മേഖലയിലും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

(സി)കയർ മേഖലയിൽ പണിയെടുക്കുന്നവരുടെ വരുമാനവർദ്ധിപ്പിക്കുവാൻ ആലപ്പുഴയിൽ കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്ന പദ്ധതി, കയർ മേഖലയിൽ നൂതന ആശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപന്നങ്ങളും വികസിപ്പിക്കുന്നതിനു വേണ്ടി ഒരു ഇന്നൊവേഷൻ ഫണ്ടും, നൂതന ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ്സ് സംരംഭങ്ങളെ സഹായിക്കുന്നതിനായി ഒരു കയർഇൻകുബേഷൻസെല്ലും രൂപീകരിക്കുന്ന പദ്ധതി എന്നിവ നടപ്പിലാക്കുന്നുണ്ട്. കരകൗശല മേഖലയിൽ കൂടുതൽ തൊഴിലാളികളെ പങ്കെടുപ്പിച്ചുകൊണ്ട് ഗാന്ധിശിൽപ-ക്രാഫ്റ്റ് ബസാറുകളും പ്രദർശന വിപണനമേളകളും രാജ്യത്തിന്റെ കൂടുതൽ സ്ഥലങ്ങളിൽ സംഘടിപ്പിക്കുക കൂടുതൽ തൊഴിലാളികളെഉൾപ്പെടുത്തിയും ഉൽപന്ന ങ്ങളുടെ നവീകരണ പ്രക്രിയ വഴിയും ഉൽപാദനത്തിന്റെ സമയ ദൈർഘ്യം കുറച്ചും കോമൺഫെസിലിറ്റി സെന്ററിന്റെ പ്രവർത്തനം വിപുലീകരിക്കുക എന്നിങ്ങനെയുള്ള പദ്ധതികൾ നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

ഖാദിമേഖലയിൽ ഉല്പാദന കേന്ദ്രങ്ങളുടെ പുനരുദ്ധാരണം,കണ്ണൂർ ജില്ലയിലെ എറ്റുക്കുടുക്കയിൽ സ്ലൈവർ പ്രോജക്ടിന്റെ

ആധുനീകവത്ക്കരണവും നവീകരണവും നെയ്ത്തുകാർക്കും നൂൽ നൂൽപുകാർക്കും ഉല്പാദന പ്രോത്സാഹനവും നെയ്ത്തു മേഖല ശക്തിപ്പെടുത്തലും വാർത്താവിതരണവും പ്രചരണവും പരിശീലനവും ,ഖാദി ബോർഡിന്റെ കമ്പ്യൂട്ടർവല്ക്കരണം തേനീച്ച വളർത്തൽ വ്യവസായ വികസനം,ഖാദി വകുപ്പുതല ഗ്രാമവ്യവസായ യൂണിറ്റുകളുടെ സ്ഥാപനവും ശക്തിപ്പെടുത്തലും സംഭരണ ശാലകളുടെ ആധുനീകവൽക്കരണവും വിൽപന കേന്ദ്രങ്ങളുടെ കമ്പ്യൂട്ടർ വല്ക്കരണവും നവീകരണവും ഖാദിമേഖലയിലെ സഹകരണ സംഘങ്ങൾ/സ്ഥാപനങ്ങൾ എന്നിവയ്ക്കുള്ള ധനസഹായം,പ്രത്യേക തൊഴിൽദാന പദ്ധതി, പീഡിതവും പ്രവർത്തനരഹിതവുമായ ഗ്രാമവ്യവസായ സഹകരണസംഘങ്ങളുടെയും ചാരിറ്റബിൾ സ്ഥാപനങ്ങൾക്കുമുള്ള ധന സഹായം, തൊഴിലാളികൾക്കുള്ള സാമ്പത്തിക താങ്ങൽ പദ്ധതി, ഗോപിനാഥൻനായർ കമ്മിറ്റി റിപ്പോർട്ടു പ്രകാരം ഖാദി വ്യവസായ നവീകരണം എന്നീ പദ്ധതികൾ 2014-15 വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

മുള വ്യവസായ മേഖലയുടെ ഉന്നമനത്തിനായും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

കശുവണ്ടി വ്യവസായ മേഖലയിൽ ആധുനീക വല്ക്കരണത്തിനും ഭാഗീക യന്ത്ര വൽക്കരണത്തിനും അന്താരാഷ്ട്ര വിപണിയിൽ ബ്രാൻഡ് പ്രൊമോഷനുമായി പദ്ധതികൾ നടപ്പിലാക്കുന്നു.

(signature)
സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2425 — 23-01-2014-ൽ മറുപടിക്ക്.

### കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. എ.പ്രദീപ്കുമാർ<br>ഡോ. ടി.എം.തോമസ് ഐസക്<br>ശ്രീ. എം.ചന്ദ്രൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പുതിയ പദ്ധതികൾ ആവിഷ്കരിച്ചു നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ; | (എ) & (ബി) ഉണ്ട്. കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്ന മേഖലകളുടെ വിവരം അനുബന്ധം-I ആയി ചേർക്കുന്നു. |
| (സി) മുൻ സർക്കാരിന്റെ കാലത്ത് ഇത്തരത്തിൽ എത്ര സ്ഥാപനങ്ങൾ തുടങ്ങിയെന്നും അവയുടെ ഇപ്പോഴത്തെ സ്ഥിതിയെന്താണെന്നും വ്യക്തമാക്കുമോ; | (സി) മുൻ സർക്കാരിന്റെ കാലത്ത് അംഗീകരിച്ച സംയുക്ത സംരംഭങ്ങളുടെ വിശദ വിവരങ്ങൾ അനുബന്ധം-II ആയി ചേർത്തിരിക്കുന്നു. |
| (ഡി) കേന്ദ്ര പ്രതിരോധ മന്ത്രാലയവുമായി യോജിച്ച് പുതുതായി എന്തെല്ലാം പ്രോജക്ടുകൾ തുടങ്ങാനാണ് ഇതിനകം തീരുമാനമായിട്ടുള്ളത്; ഇതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ഡി) പ്രതിരോധ മന്ത്രാലയവുമായി യോജിച്ച് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായുള്ള പുതിയ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചു വരുന്നു. |
| (ഇ) കഴിഞ്ഞ രണ്ടു വർഷമായി സംസ്ഥാനത്തെ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിലെ നിക്ഷേപം എത്രയാണെന്നും നിക്ഷേപം കുറഞ്ഞുവെങ്കിൽ അതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കുമോ; | (ഇ) ഇക്കാര്യം സംസ്ഥാന സർക്കാർ പരിശോധിച്ചിട്ടില്ല. |

| | |
|---|---|
| (എഫ്) പ്രതിരോധ മന്ത്രാലയവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പദ്ധതികൾ തുടങ്ങുന്നതിൽ ഉണ്ടായ ധൈര്യം ഇപ്പോൾ ഇല്ലായെന്ന് കേന്ദ്ര പ്രതിരോധ മന്ത്രി നടത്തിയ പ്രസ്താവന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ? | (എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

## അനുബന്ധം-I

1. കേന്ദ്ര സർക്കാർ സ്ഥാപനമായ സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യയും കേരളാ മിനറൽസ് & മെറ്റൽസ് ലിമിറ്റഡുമായി ചേർന്ന് പ്രതിവർഷം 10,000 ടൺ ടൈറ്റാനിയം സ്പോഞ്ച് ഉൽപ്പാദിപ്പിക്കുന്നതിനുള്ള 3250 കോടി രൂപയുടെ ഒരു സംയുക്ത സംരംഭത്തിന് ധാരണാപത്രം 04/04/2013 തീയതിയിൽ ഒപ്പിട്ടിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിക്കുന്നതിനായി SAIL ന്റെയും കേരള സർക്കാരിന്റെയും പ്രതിനിധികളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ജോയിന്റ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

2. മലബാർ സിമന്റ്സിന്റെ നിലവിലുള്ള ഉൽപ്പാദനശേഷി കേരളത്തിന്റെ സിമന്റ് ഉപഭോഗത്തിന്റെ 6-7 ശതമാനം മാത്രം നിറവേറ്റാൻ പര്യാപ്തമാണ്. ഇതു വർദ്ധിപ്പിക്കുവാനായി കേന്ദ്രപൊതുമേഖലാ സ്ഥാപനമായ സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ടാൻഡൂർ പ്ലാന്റിൽ നിന്നും ക്ലിങ്കറും, സിമന്റും ലഭ്യമാക്കുന്നതിനുള്ള ഒരു ധാരണാപത്രം ഉണ്ടാക്കിയിട്ടുണ്ട്.

   വാളയാറിൽ നിലവിലുള്ള സിമന്റ് മില്ലിന്റെ ഉൽപ്പാദനശേഷി ഇരട്ടിയാക്കുന്നതിനായി സിമന്റ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ പ്രവർത്തനം നിർത്തിയ ഒരു പ്ലാന്റിൽ നിന്നും ഒരു മില്ല് ലഭ്യമാക്കുന്നതിനുള്ള feasibility report തയ്യാറാക്കിയിട്ടുണ്ട്.

3. മലബാർ സിമന്റ്സ് ലിമിറ്റഡിന് ആവശ്യമായ അസംസ്കൃത വസ്തുക്കളും ക്ലിങ്കറും, സിമന്റും കടൽ മാർഗ്ഗം എത്തിക്കുവാൻ സാധിച്ചാൽ മാർക്കറ്റ് വിഹിതം 25 ശതമാനത്തോളം എത്തിക്കാൻ സാധിക്കും. ഇതിനായുള്ള ആദ്യനടപടിയായി കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ സ്ഥലം പാട്ടത്തിനെടുത്ത് അവിടെ ഒരു സിമന്റ് ലോജിസ്റ്റിക് ഹബ് സ്ഥാപിയ്ക്കാനുള്ള അനുമതിക്കായി സർക്കാരിനെ സമീപിച്ചിട്ടുണ്ട്.

4. കെ.എസ്.ഡി.പി.യുടെ വൈവിദ്ധ്യവൽക്കരണത്തിന്റെയും വിപുലീകരണത്തിന്റെയും ഭാഗമായി ഇന്ത്യയിലും, ആഗോള തലത്തിലും വിപണന സാധ്യത ഉറപ്പുവരുത്തുന്നതിനും, കമ്പനിയെ ഒരംഗീകൃത മരുന്ന് ഉൽപ്പാദന സ്ഥാപനമായി രാജ്യാന്തരതലത്തിൽ ഉയർത്തുന്നതിലേക്കായി എച്ച്.എൽ.എൽ. ലൈഫ് കെയർ ലിമിറ്റഡുമായി ചേർന്നുള്ള പദ്ധതിയുടെ സാധ്യതാ പഠനം നടത്തുന്നതിനായി എസ്.ബി.ഐ. ക്യാപ്പിറ്റൽ മാർക്കറ്റ്സ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിയിരിക്കുകയാണ്.

5. സ്റ്റേറ്റ് ട്രേഡിംഗ് കോർപ്പറേഷനുമായി സഹകരിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്കാവശ്യമായ ഇൽമെനൈറ്റ്, ക്ലിങ്കർ, ലൈംസ്റ്റോൺ എന്നിവ ഉൾപ്പെടെയുള്ള അസംസ്കൃത സാധനങ്ങൾ എന്നിവ ഇറക്കുമതി ചെയ്യാനുള്ള പദ്ധതി.

6. എം.എസ്.ടി.സി. ലിമിറ്റഡിന്റെ സഹായത്തോടുകൂടി കോൾ ലഭ്യമാക്കിയിട്ടുണ്ട്. സ്ക്രാപ്പ് മുതലായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുവാനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു.

7. കോട്ടൺ കോർപ്പറേഷൻ ഓഫ് ഇന്ത്യയുമായി സഹകരിച്ച് ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി ഗുണമേൻമയുള്ള പഞ്ഞി ലഭ്യമാക്കുന്നതിനും, എൻ.സി.ഡി.സി. വഴി ടെക്സ്റ്റയിൽ മില്ലുകൾക്കുവേണ്ടി പ്രവർത്തന മൂലധന സഹായം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചുവരുന്നു.

## അനുബന്ധം-II

1. നാഷണൽ തെർമൽ പവർ കോർപ്പറേഷൻ ലിമിറ്റഡ് (NTPC) യുമായി സംയുക്ത സംരംഭത്തിൽ ഏർപ്പെടുത്തി പുനരുദ്ധരിക്കുന്നതിനുള്ള ധരണാപത്രം അനുസരിച്ച് ടെൽക്കിന്റെ മൂലധനത്തിൽ നിന്നും 44.60% ന്റെ തത്തുല്യ തുകയായ 31.34 കോടി രൂപ NTPC ടെൽക്കിന് നൽകിയിട്ടുണ്ട്.

   ഇന്ത്യയിലെ ഊർജ്ജ വിതരണ ഉൽപ്പാദന രംഗത്ത് ഉണ്ടായിട്ടുള്ള മാന്ദ്യം കമ്പനിയുടെ വിറ്റുവരവിനെ കാര്യമായി ബാധിച്ചിട്ടുണ്ട്. മേഖലയിലുണ്ടായിട്ടുള്ള തളർച്ച ഉൽപ്പന്നത്തിന്റെ വിലയിടിവിനും അതുമൂലം കമ്പനിയുടെ ലാഭത്തിലും ഗണ്യമായ കുറവുണ്ടായി. കയറ്റുമതിയും ആഭ്യന്തര വിൽപ്പനയും മെച്ചപ്പെടുത്തുവാനും കമ്പനിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുവാനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. സംസ്ഥാനത്തെ വ്യവസായ വകുപ്പിന്റെ അധീനതയിലായിരുന്ന പൊതുമേഖലാ സ്ഥാപനമായ കെൽടെക്, ഇന്ത്യാ ഗവൺമെന്റും റഷ്യൻ ഗവൺമെന്റും ചേർന്നുള്ള "സംയുക്ത സംരംഭമായ" ബ്രഹ്മോസ് എയറോസ്പേസിന് 2007 ഡിസംബർ 31 ൽ കൈമാറി. പ്രതിരോധമേഖലയിലുള്ള കേരളത്തിലെ ആദ്യത്തെ ഉൽപ്പാദന യൂണിറ്റാണ് ഇത്. ഈ യൂണിറ്റിൽ 2008-2009 സാമ്പത്തിക വർഷം DRDO 50 കോടി രൂപയുടെയും ISRO 15 കോടി രൂപയുടെയും നിക്ഷേപം നടത്തിയിട്ടുണ്ട്.

3. സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള സ്റ്റീൽ കോംപ്ലക്സ് ലിമിറ്റഡും, സ്റ്റീൽ അതോറിറ്റി ഓഫ് ഇന്ത്യാ ലിമിറ്റഡും തമ്മിലുള്ള സംയുക്ത സംരംഭത്തിന്റെ ഭാഗമായി സെയിൽ എസ്സ്.സി.എൽ. കേരള ലിമിറ്റഡ് എന്ന സംയുക്ത സംരംഭം കമ്പനി ഏപ്രിൽ 2013 ൽ രൂപീകരിച്ചു.

   സ്റ്റീൽ കോംപ്ലക്സ് പ്രവർത്തനം ലാഭകരമാക്കുന്നതിനായി സാങ്കേതിക സഹായം നൽകുന്നതിനായി സെയിലിൽ നിന്നും സാങ്കേതിക വിദഗ്ദ്ധരുടെ സേവനം SCL - ന് നൽകി വരുന്നു. എന്നിരുന്നാലും കമ്പനി പ്രതീക്ഷിച്ച രീതിയിൽ പൂർണ്ണമായും പ്രവർത്തന സജ്ജമാകുന്നില്ല. ഇപ്പോഴും നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സംയുക്ത സംരംഭത്തിന്റെ ഭാഗമായുള്ള സ്റ്റീൽ റോളിംഗ് മിൽ സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെയും സെയിലിന്റെയും ഓഹരിയായ 19.44 കോടി രൂപയും ധനകാര്യ സ്ഥാപനത്തിൽ നിന്നുള്ള 45.33 കോടി രൂപയും ഉപയോഗപ്പെടുത്തി മില്ലിന്റെ പണി ആരംഭിച്ചിട്ടുണ്ട്. 2015 മാർച്ച് മാസത്തോടുകൂടി പ്രർത്തനം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

4. Kerala Electrical & Allied Engineering Corporation Limited ന്റെ കാസർഗോഡുള്ള യൂണിറ്റും, Bharat Heavy Electricals Limited (BHEL) മായി ചേർന്നുള്ള സംയുക്ത സംരംഭത്തിനായി കേരള സർക്കാരും BHEL മായി 03/02/2009 ൽ MOU ൽ ഏർപ്പെട്ടു. തുടർന്നു കെല്ലിന്റെ കീഴിലുള്ള കാസർഗോഡ് യൂണിറ്റ് 28/03/2011 ൽ ഭെല്ലിനു കൈമാറുകയും പുതിയ സംരംഭം BHEL-EML എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുയും ചെയ്തിട്ടുണ്ട്.

5. കാറസഗോഡുള്ള കിൻഫ്രയുടെ സ്മാൾ ഇൻഡസ്ട്രീസ് പാർക്കിൽ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ പുതിയ യൂണിറ്റ് പ്രവർത്തനമാരംഭിച്ചു.

6. പാലക്കാട് കിൻഫ്ര പാർക്കിൽ BEML - ന്റെ യൂണിറ്റ് പ്രവർത്തനം തുടങ്ങി.

7. കിൻഫ്രയുടെ കൊച്ചി ഹൈടെക് പാർക്കിൽ ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡിന്റെ യൂണിറ്റ് തുടങ്ങി

13-ാം കേരള നിയമസഭ

പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2426** **23.01.2014-ൽ മറുപടിയ്ക്ക്**

## ഒറ്റപ്പാലത്ത് വ്യവസായ വികസന പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം. ഹംസ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വ്യവസായ വളർച്ചയ്ക്കായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) വ്യവസായ വളർച്ച മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സംബന്ധിച്ച വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടക്കുക യായിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുകയുണ്ടായി ; വിശദാംശങ്ങൾ നൽകാമോ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൂട്ടിക്കിടക്കുക യായിരുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളൊന്നും തുറന്നു പ്രവർത്തിപ്പിക്കുക യുണ്ടായില്ല. |
| (സി) 1/7/2006 മുതൽ 31/3/2011 വരെയുളള കാലഘട്ടത്തിൽ സംസ്ഥാനത്ത് എത്ര വ്യവസായശാലകൾ ആരംഭിച്ചു ; | (സി) 01.07.2006 മുതൽ 31.3.2011 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ **9** യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (ഡി) പ്രസ്തുത കാലയളവിൽ പൂട്ടിക്കിടക്കുകയായിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിച്ചു ; വിശദമായ ലിസ്റ്റ് നൽകാമോ; | (ഡി) 01-07-2006 മുതൽ 31-3-2011 വരെയുള്ള കാലഘട്ടത്തിൽ സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പ്രവർത്തനമില്ലാതെ കിടന്നിരുന്ന പൊതുമേഖലാസ്ഥാപനങ്ങളിൽ |

പ്രവർത്തനക്ഷമമാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു.

a. KSTCയുടെ അധീനതയിലുള്ള Malabar Spinning & Weaving Mills തുറന്നു പ്രവർത്തിച്ചു.

b. Trivandrum Spinning Mills Ltd ലെ സൗകര്യങ്ങൾ ഉപയോഗിച്ച് open end spinning Mill ആരംഭിച്ചിട്ടുണ്ട്.

c. Kerala Soaps & Oils Ltd യിലെ സൗകര്യങ്ങൾ ഉപയോഗിച്ച് ഒരു സോപ്പ് നിർമ്മാണ യൂണിറ്റ് KSIE-യുടെ അധീനതയിൽ പ്രവർത്തനം ആരംഭിച്ചു.

| | | | |
|---|---|---|---|
| (ഇ) | ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ വ്യവസായ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം പ്രോജക്റ്റുകൾ നടപ്പിലാക്കി എന്ന് വിശദീകരിക്കാമോ ; | (ഇ) & (എഫ്) | വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (എഫ്) | എത്ര തുകയുടെ വികസനമാണ് നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ

## അനുബന്ധം

## വ്യവസായവളർച്ച മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ.

1. നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾക്കായി ബഡ്ജറ്റിൽ നിന്നുള്ള ധനസഹായം വർദ്ധിപ്പിച്ചു. നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളുടെ പദ്ധതികൾ നടപ്പിലാക്കാനുള്ള അധിക ധനസഹായമായി 15 കോടിരൂപ ഉൾപ്പടെ 2013-14 ൽ 182 കോടിരൂപ അനുവദിച്ചിട്ടുണ്ട്.
2. സ്ഥാപനങ്ങളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനുള്ള സംവിധാനത്തിന്റെ ഭാഗമായി മാസംതോറുമുള്ള റിപ്പോർട്ടിംഗ് സംവിധാനം ശക്തിപ്പെടുത്തുകയും, കണക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കി ആഡിറ്റുകൾ നടത്തുന്നതിനുള്ള സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.
3. പൊതുമേഖലാസ്ഥാപനങ്ങളിൽ കൂടുതൽ സുതാര്യത ഉറപ്പു വരുത്തുന്നതിനുംകണക്കുകൾ കൃത്യസമയത്ത് പൂർത്തീകരിക്കുന്നതിനുമായി എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള പദ്ധതി പുരോഗമിക്കുന്നു.
4. പ്രവർത്തനം മോശമാകുന്ന സ്ഥാപനങ്ങളെ വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി തലത്തിലും മന്ത്രി തലത്തിലും പ്രത്യേകമായ വിശദമായ അവലോകനം നടത്തി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നു
5. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സ്ഥാപനങ്ങളുടെ പ്രവർത്തന മേഖലയനുസരിച്ച് കേന്ദ്ര സംസ്ഥാന പൊതുമേഖലാസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.
6. ടെക്സ്റ്റൈൽ മേഖലയുടെ സമഗ്ര പുനരുദ്ധാരണത്തിനായി പ്രത്യേക പദ്ധതി സർക്കാർ ധനസഹായത്തോടെ നടപ്പിലാക്കി വരുന്നു.
7. വാണിജ്യ ഇടപാടുകൾക്കായി ഇലക്ട്രോണിക് പ്രൊക്യൂർമെന്റ് സംവിധാനം നടപ്പിലാക്കികഴിഞ്ഞു. ഇ-പ്രൊക്യൂർമെന്റിന്റെ ഭാഗമായുള്ള **ഇ-പേയ്മെന്റ്** സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. E-portal വഴി ഉൽപന്നങ്ങളുടെ വിപണനത്തിനുവേണ്ടിയുള്ള പദ്ധതിയും ആവിഷ്ക്കരിച്ചുവരുന്നു. വാണിജ്യ ഇടപാടുകൾ സംബന്ധിച്ചുള്ള ഡോക്യുമെന്റുകളുടെ ഡിജിറ്റൈസേഷനും നടപ്പിലാക്കി വരുന്നു.
8. പൊതുമേഖലാ സ്ഥാപനങ്ങളിലെ നിയമനങ്ങൾക്ക് സുതാര്യമായ സംവിധാനം ഏർപ്പെടുത്തി.
9. മാനവ വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിനായി നൂതന കർമ്മ പരിപാടികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കും.

Manu

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2427**

### വ്യവസായ വികസനത്തിനുള്ള കേന്ദ്രസഹായം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. ഹംസ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തിന്റെ വ്യവസായ വികസനത്തിനായി 2012-2013 വർഷത്തിൽ കേന്ദ്രസർക്കാർ എത്ര കോടി രൂപ അനുവദിച്ചു; | (എ) | 83.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) കേന്ദ്രധനസഹായം ഉപയോഗപ്പെടുത്തി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി; ഓരോന്നിനും എത്ര തുക ചിലവഴിച്ചു; | (ബി) | കേന്ദ്ര സഹായമായി ലഭിച്ച തുക ഉപയോഗപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികളുടെയും ചെലവായ തുകയുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) കേന്ദ്രധനസഹായത്തിൽ ചിലവഴിക്കാത്ത തുക എത്ര; വിശദാംശം നൽകാമോ | (സി) | 2012-2013 സാമ്പത്തിക വർഷം ക്ലസ്റ്റർ വികസനത്തിനായി അനുവദിച്ച തുകയിൽ 11,84,364 രൂപയും ന്യൂക്ലിയസ് സെല്ലിനായി വകയിരുത്തിയതിൽ 6.91 ലക്ഷം രൂപയും ചെലവഴിച്ചിട്ടില്ല.<br><br>ഗ്യാസ് ഇൻഫ്രാസ്ട്രച്ചർ പദ്ധതിയ്ക്കായി 2012-13 സാമ്പത്തിക വർഷത്തിൽ 5.16 കോടി രൂപ സംസ്ഥാന സർക്കാർ കെ.എസ്.ഐ.ഡി.സി.യ്ക്ക് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല. |
| (ഡി) ഇടത്തരം വൻകിട വ്യവസായങ്ങൾക്കായി കേന്ദ്ര സർക്കാർ എത്ര തുക ധനസഹായം നൽകി; അതുപയോഗപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തി; വിശദാംശം നൽകാമോ; | (ഡി) | കേന്ദ്ര സഹായമായി 2012-2013 വർഷത്തിൽ ആകെ ലഭിച്ച 83.85 കോടി രൂപയിൽ 12.21 കോടി രൂപ ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയ്ക്കായി വകയിരുത്തിയിരുന്നു. ഇതിൽ 5.16 കോടി രൂപ കെ.എസ്.ഐ.ഡി.സി. - ക്ക് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത പദ്ധതിയുടെ പ്രവർത്തനം ഇതുവരെ തുടങ്ങിയട്ടില്ല. തിരുവനന്തപുരം കൊച്ചുവേളിയിലേയും പാലക്കാട് പുതുശ്ശേരിയിലേയും ബഹുനില വ്യവസായ സമുച്ചയത്തിനായി യഥാക്രമം പത്തുകോടി രൂപയും അഞ്ചു കോടി രൂപയും വകയിരുത്തിയിരുന്നു. ആയതിന്റെ പണി പുരോഗമിച്ചു വരുന്നു. |

| | | | |
|---|---|---|---|
| (ഇ) | ഒരു തുകയും ചിലവഴിച്ചില്ലെങ്കിൽ അതിന്റെ കാരണം വിശദീകരിക്കാമോ? | (ഇ) | സപ്ലിമെന്ററി ഗ്യാസ് ഇൻഫ്രാസ്ട്രക്ച്ചർ പദ്ധതിയ്ക്കായി വകയിരുത്തിയ 12.21 കോടി രൂപയിൽ 5.16 കോടി രൂപ കെ.എസ്.ഐ.ഡി.സി. - ക്ക് നൽകിയെങ്കിലും ആയത് ഇതുവരെയും ചെലവാക്കിയിട്ടില്ല. പദ്ധതി നടപ്പിലാക്കുന്നതിനായി കെ.എസ്.ഐ.ഡി.സി.യും കേന്ദ്ര പൊതു മേഖലാസ്ഥാപനമായ ഗെയിൽ ഇന്ത്യയുടെ പൂർണ്ണ നയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്ന് കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് എന്ന പേരിൽ ഒരു സംയുക്ത സംരംഭം രൂപീകരിച്ചിട്ടുണ്ട്. പ്രധാന പദ്ധതിയായ സിറ്റി ഗ്യാസ് ഡിസ്ട്രിബ്യൂഷൻ നടപ്പിലാക്കുന്നതിന് പെട്രോളിയം ആന്റ് നാച്ചുറൽ ഗ്യാസ് റെഗുലേറ്ററി ബോർഡിന്റെ അനുമതി ആവശ്യമാണ്. പ്രസ്തുത അനുമതിയ്ക്കായി PNGRB അപേക്ഷകൾ ക്ഷണിച്ചിരിക്കുകയാണ്. സംയുക്ത സംരംഭകരായ കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് അപേക്ഷ സമർപ്പിക്കുവാൻ തയ്യാറെടുക്കുകയാണ്. എറണാകുളം ജില്ലയിലൊഴികെ മറ്റു ജില്ലകളിലൂടെ പ്രധാന വാതക പൈപ്പ് ലൈനിന്റെ പ്രവർത്തികളിലുള്ള മന്ദഗതി മൂലം പാലക്കാട് ജില്ലയിലെ വ്യവസായിക ഉപഭോക്താക്കൾക്കും ചെറുകിട വൈദ്യുത ഉൽപാദകശാലയും പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല.<br><br>സംയുക്ത സംരംഭം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നൈപുണ്യ വികസന കേന്ദ്രത്തിന് അനുയോജ്യമായ സ്ഥലം തേടിക്കൊണ്ടിരിക്കുകയാണ്. അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ഈ പദ്ധതിയും ഉടനടി ആരംഭിക്കുന്നതാണ്. LNG സ്റ്റേഷനുകൾക്കുള്ള പ്രധാന സ്റ്റേഷനു വേണ്ടി എറണാകുളത്ത് FACT യുടെ ഏലൂരുള്ള സ്ഥലത്തു നിന്നും ഭൂമി ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്രകാരമുള്ള പദ്ധതികൾക്കാണ് പണം ചെലവഴിക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഈ പദ്ധതികളെല്ലാം ഇപ്പോഴാണ് പുരോഗതി പ്രാപിച്ചു വരുന്നത്. അതിനാലാണ് തുക ചെലവഴിക്കുന്നതിൽ കാലതാമസം വന്നിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

കേന്ദ്രസഹായമായി ലഭിച്ച തുക പ്രയോജനപ്പെടുത്തി നടപ്പിലാക്കിയ പദ്ധതികൾ

( ₹ in lakhs )

| | | |
|---|---|---|
| 1. | DIC-Multistoried Industrial Estate, Kochiveli, Thiruvananthapuram | 1000 |
| 2. | DIC-Multistoried Industrial Estate, Puthussery, Palakkad | 500 |
| 3. | DIC-Valluvanadu Wood Consortium | 228.9 |
| 4. | DIC-Nucleus Cell | 43.09 |
| 5. | DHT-Marketing Incentive Scheme | 302.22 |
| 6. | DHT-Handloom cluster | 302.37 |
| 7. | DHT-Revival, Reform, Restructuring Package Project | 2039 |
| 8. | KINFRA-State Food Processing Mission | 112.50 |
| 9. | KINFRA-Strengthening of food processing Industries – recurring grant | 5 |
| 10. | KINFRA-Biotechnology Park, Department of Biotechnology | 200 |
| 11. | KINFRA-ASIDE-Augmentation of existing facility – installation of weigh bridge and extension of berth (KPACT) | 80.475 |
| 12. | KINFRA-Wayanad Agro Processing Centre (WSSS) | 626 |
| 13. | KINFRA-Upgradation of export cargo handling at air cargo complexes at Thiruvananthapuram & Calicut Airport (KSIE) | 200 |
| 14. | KINFRA-Rubber Park at Pathanamthitta, Kollam, Kochi | 550 |
| 15. | KINFRA-MIV Logistic Private Limited, Vallarpadam Container Terminal, Kochi | 2.05 |
| 16. | KKVIB-Prime Ministers Employment Generation Programme | 824 |
| 17. | KKVIB-Market Development Assistance (MDA) | 96 |

**13-ാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 2428** **23.01.2014-ൽ മറുപടിയ്ക്ക്**

## പൊതുമേഖലാ വ്യവസായങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.പി.ശ്രീരാമകൃഷ്ണൻ** | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പൊതുമേഖലാ വ്യവസായങ്ങൾ ലാഭകരമായി പ്രവർത്തിക്കുന്നുണ്ട്; അവയുടെ പേരുവിവരം ലഭ്യമാക്കാമോ; | (എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ 2012 -13 സാമ്പത്തികവർഷത്തെ ആഡിറ്റ് പൂർത്തിയാകാത്ത കണക്കുകൾ പ്രകാരം 19 സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിച്ചത്. വിശദ വിവരം അനുബന്ധം ഒന്നായി ചേർത്തിരിക്കുന്നു. |
| (ബി) സംസ്ഥാനത്ത് ആകെ എത്ര വ്യവസായശാലകളാണ് പൊതുമേഖലയിൽ സർക്കാർ/അർദ്ധസർക്കാർ വിഭാഗങ്ങളിൽ പ്രവർത്തിക്കുന്നത്; | (ബി) സംസ്ഥാനത്ത് വ്യവസായ വകുപ്പിന്റെ അധീനതയിൽ 44 സ്ഥാപനങ്ങളാണ് പൊതുമേഖലയിലും സഹകരണ മേഖലയിലുമായി പ്രവർത്തിക്കുന്നത്. |
| (സി) 2011 നു ശേഷം ഏതെങ്കിലും പുതിയ വ്യവസായശാലകൾ തുടങ്ങിയിട്ടുണ്ടോ ; | (സി) 2011 നു ശേഷം പൊതുമേഖലയിൽ വ്യവസായ വകുപ്പിനു കീഴിൽ പുതിയ സ്ഥാപനങ്ങൾ ഒന്നും ആരംഭിച്ചിട്ടില്ല. |
| (ഡി) പൊതുമേഖലയിൽ ഏതെങ്കിലും വ്യവസായശാലകൾ പുതുതായി തുടങ്ങുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ? | (ഡി) നിലവിലുള്ള സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് പ്രഥമ പരിഗണന നൽകുന്നത്. |

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| Sl. No | Company |
|---|---|
| 1 | The Kerala Minerals and Metals Ltd |
| 2 | Kerala State Industrial Development Corporation Ltd |
| 3 | Malabar Cements Ltd |
| 4 | KINFRA |
| 5 | Kerala State Electronic Development Corporation Ltd |
| 6 | Kerala State Industrial Enterprises Ltd |
| 7 | Kerala Small Industries Development Corporation Ltd |
| 8 | Transformers and Electricals Kerala Ltd |
| 9 | Travancore Titanium Products Ltd |
| 10 | Steel Industrials Kerala Ltd |
| 11 | Kerala Clays & Ceramic Products Ltd. |
| 12 | Forest Industries (Travancore) Ltd |
| 13 | The Travancore Cements Ltd |
| 14 | Steel and Industrial Forgings Ltd |
| 15 | Kerala Artisans Development Corporation Ltd |
| 16 | Travancore-Cochin Chemicals Ltd |
| 17 | Keltron Electro Ceramics Ltd |
| 18 | KELPALM |
| 19 | Sitaram Textiles Ltd |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: 2429

23.1.2014-ൽ മറുപടിക്ക്

വ്യവസായ വികസന അവലോകനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.എം.ആരിഫ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും, വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) വിവിധ വ്യവസായ മേഖലകളിലെ വികസന സാധ്യതകൾ അവലോകനം ചെയ്യാൻ ഏതെങ്കിലും പ്രൊഫഷണൽ ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (എ) ഇല്ല |
| (ബി) പ്രസ്തുത ഏജൻസി എന്തെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ? | (ബി) ബാധകമല്ല |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2430** **23.01.2014- ൽ മറുപടിക്ക്**

## "ആദ്യ വ്യവസായ ഗ്രാമ പ്രഖ്യാപനം"

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ഡൊമിനിക് പ്രസന്റേഷൻ**<br>**ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. എം.എ. വാഹിദ്**<br>**ശ്രീ. അൻവർ സാദത്ത്.** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് ആദ്യ വ്യവസായ ഗ്രാമ പ്രഖ്യാപനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ അനേകം Industrial Promotional Activities വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് മുഖേന നടപ്പിൽ വരുത്തുന്നുണ്ട്. അത്തരത്തിൽ കൊല്ലം ജില്ലാ വ്യവസായ കേന്ദ്രം മുൻകൈയെടുത്ത് കരുനാഗപ്പള്ളി താലൂക്കിലെ പന്മന ഗ്രാമപഞ്ചായത്തുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ ഉടലെടുത്ത ഒരു ആശയമാണ് വ്യവസായ ഗ്രാമം. ഈ ആശയം നടപ്പിലാക്കുന്നതിന് വേണ്ടി ആദ്യമായി തെരഞ്ഞെടുത്തത് പന്മന ഗ്രാമപഞ്ചായത്തിനെയാണ്. |
| ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; | ബി) ഒരു വീട് ഒരു വ്യവസായ യൂണിറ്റ് എന്ന ഉദ്ദേശ്യത്തോടെ household industry പ്രോത്സാഹിപ്പിക്കുക, അതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ഉത്പാദന വർദ്ധനവ് ഉണ്ടാക്കുകയും ചെയ്യുക എന്നുള്ളതാണ് ഈ ആശയം കൊണ്ട് ലക്ഷ്യം വയ്ക്കുന്നത്.<br><br>ഉത്പാദന മേഖലയിലെ വലിയ സംരംഭകരെ വ്യവസായ ഗ്രാമമായി തെരഞ്ഞെടുക്കുന്ന പ്രദേശത്തേക്ക് ക്ഷണിച്ചു വരുത്തി ആ പ്രദേശത്തെ തത്പരരായ ജനങ്ങൾക്ക് raw material/product components |

എന്നിവ പ്രസ്തുത സംരംഭങ്ങളെക്കൊണ്ട് ലഭ്യമാക്കിപ്പിച്ച് ഉത്പന്നമുണ്ടാക്കി / കൂട്ടിയിണക്കി അവരെതന്നെ തിരികെ ഏല്പിക്കുക എന്നുള്ളതാണ് ഇതിന്റെ പ്രവർത്തനരീതി. ഇതിനു വേണ്ടി പരിശീലനം ആവശ്യമുള്ള ചെറുസംരംഭങ്ങൾക്ക് / ജനങ്ങൾക്ക് പഞ്ചായത്തിന്റെ പദ്ധതി വിഹിതം ഉപയോഗിച്ച് പരിശീലനം നൽകി യൂണിറ്റുകൾ ആരംഭിക്കുന്നതിന് വേണ്ടുന്ന സഹായം നൽകുന്നു. ഇതിലൂടെ ജനങ്ങൾക്ക് ഒരു വരുമാനമാർഗ്ഗം ഉണ്ടാകുന്നു.

| | |
|---|---|
| സി) ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കാമോ; | സി) പന്മന വ്യവസായ ഗ്രാമവുമായി ബന്ധപ്പെട്ട് സഹകരിക്കുന്നത് പന്മന ഗ്രാമ പഞ്ചായത്തും കൊല്ലം ജില്ലാ വ്യവസായ കേന്ദ്രവും ആണ്. |
| ഡി) സംസ്ഥാനത്ത് അനുകൂലമായ സ്ഥലങ്ങളിൽ ഇവ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം? | ഡി) ഇക്കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2431**

**എമേർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളിലെ തുടർനടപടികൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.റ്റി.ബൽറാം<br>ശ്രീ. വി.ഡി.സതീശൻ<br>ശ്രീ. എ.റ്റി.ജോർജ്ജ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| **(എ)** എമേർജിംഗ് കേരളയിൽ അവതരിപ്പിച്ച പദ്ധതികളിൻമേൽ എന്തെല്ലാം തുടർനടപടികൾ എടുത്തിട്ടുണ്ട്; വിശദമാക്കുമോ;<br><br>**(ബി)** എത്ര പദ്ധതികൾക്ക് അന്തിമ രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ; | **(എ) & (ബി)** 2012 സെപ്റ്റംബർ 12 മുതൽ 14 വരെ കൊച്ചിയിൽ നടന്ന എമർജിംഗ് കേരള നിക്ഷേപക സംഗമത്തിൽ വിവിധ വകുപ്പുകളിലായി 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതി നിർദ്ദേശങ്ങളുടെ തുടർ നടപടികൾ അതാത് വകുപ്പകളിൽ നടന്നു വരുന്നു. വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്ത നങ്ങൾ പുരോഗമിച്ചു വരികയാണ്.<br><br>പദ്ധതികളുടെ സുഗമമായ നടത്തിപ്പിലേയ്ക്കും പദ്ധതി നിർദ്ദേശങ്ങൾക്ക് സമയബന്ധിതമായി അംഗീകാരം ലഭ്യമാകുമെന്ന് ഉറപ്പ് വരുത്തുന്നതിനും നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ കൗൺസിലും, ഓരോ പ്രോജക്ടും വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതി ലഭ്യമാക്കി അംഗീകാരം കൊടുക്കുന്നതിനുമായി ഇൻവെസ്റ്റ്മെന്റ് ക്ലിയറൻസ് ബോർഡും രൂപീരിച്ചിട്ടുണ്ട്.<br><br>അതുപോലെ എമർജിംഗ് കേരളയിൽ ചർച്ച ചെയ്ത ആശയങ്ങളേയും പദ്ധതികളേയും ഫലവത്താക്കാൻ ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ബോർഡും രൂപീകരിച്ചിട്ടുണ്ട്. |

(സി) ഏതെല്ലാം മേഖലയിലെ പദ്ധതികൾക്കാണ് നടത്തിപ്പിന് തീരുമാനമെടുത്തിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

(സി) & (ഡി) എമർജിംഗ് കേരളയിൽ ടൂറിസം, ആരോഗ്യം, ഉന്നത വിദ്യാഭ്യാസം, തുറമുഖം, ഊർജ്ജം, ശാസ്ത്ര സാങ്കേതികം, വ്യവസായം, കൃഷി, റവന്യൂ ഐ.ടി. തുടങ്ങിയ വിവിധ വകുപ്പുകളിൽ നിന്നും 177 പദ്ധതി നിർദ്ദേശങ്ങളാണ് ലഭിച്ചത്. ഈ പദ്ധതി നിർദ്ദേശങ്ങളിൽ അതാത് വകുപ്പുകളിൽ വിശദമായ പരിശോധന കൾക്കു ശേഷമാണ് നടത്തിപ്പിനായി പദ്ധതികൾ തിരഞ്ഞെടുത്തത്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

# പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2433**

## എമർജിംഗ് കേരള

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.വി.വിജയദാസ് | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) 'എമർജിംഗ് കേരള'യുടെ ഭാഗമായി കേരളത്തിൽ നാളിതുവരെ എത്ര പദ്ധതികൾ രജിസ്റ്റർ ചെയ്തു ; രജിസ്റ്റർ ചെയ്ത കമ്പനികളുടെ വിശദാംശം നൽകുമോ ;<br><br>(ബി) രജിസ്റ്റർ ചെയ്ത പ്രോജക്ടുകളിൽ പ്രവർത്തനം ആരംഭിച്ചവയുടെ വിവരം ജില്ലകൾ തിരിച്ച് വ്യക്തമാക്കുമോ ? | (എ) & (ബി) എമർജിംഗ് കേരളയിൽ വിവിധ വകുപ്പുകളിലായി ലഭിച്ച 177 പദ്ധതികളിൽ വ്യവസായ വകുപ്പിനു കീഴിൽ വന്ന 46 പദ്ധതികളിൽ 19 പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു<br><br>Gateway Distriparks Kerala Limited ന്റെ 50 കോടി രൂപ മുതൽമുടക്കുള്ള കൊച്ചിയിലെ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ പദ്ധതിയുടെ പ്രവർത്തനം 2013 ഫെബ്രുവരി 12 ൽ ആരംഭിച്ചു. കോട്ടയത്തെ കേളചന്ദ്ര പോളിമേഴ്സിന്റെ എച്ച്.ഡി.പി. സ്റ്റോറേജ് ടാങ്കുകൾ നിർമ്മിക്കുവാനുള്ള പദ്ധതിയുടെ ട്രയൽ ഉൽപാദനം 09/09/2013 ൽ ആരംഭിച്ചു. എ.കെ. ഗ്രൂപ്പിന്റെ എറണാകുളത്ത് സ്ഥാപിക്കുന്ന 200 കോടി രൂപ മുതൽമുടക്കുള്ള (വിവിധ ഘട്ടങ്ങളിൽ പ്ലാൻ ചെയ്യുന്ന) ബയോ ന്യൂട്ര പാർക്കിന്റെ<br><br>ഒന്നും രണ്ടും ഘട്ടത്തിന്റെ പ്രവർത്തനം 2014-15 സാമ്പത്തിക വർഷത്തിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുകാണ്ടിരിക്കുന്നു.<br><br>കൂടാതെ 12000 കോടി രൂപ നിക്ഷേപം പ്രതീക്ഷിക്കുന്ന ബി.പി.സി.എല്ലിന്റെ കൊച്ചിൻ റിഫൈനറിയുടെ എക്സ്പാൻഷൻ പ്രോജക്ട് 2013 ജനുവരിയിൽ ബഹു. പ്രധാനമന്ത്രി ശിലാസ്ഥാപനം നടത്തുകയുണ്ടായി. |

ടൂറിസം വകുപ്പിന് കീഴിൽ കേരളത്തിലെ സുപ്രധാന ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്ന സീപ്ലെയിൻ പദ്ധതിയുടെ ഉൽഘാടനം നിർവ്വഹിച്ചു കഴിഞ്ഞു. ബി.പി.സി.എൽ. കൊച്ചിയിൽ നടപ്പാക്കുന്ന പെട്രോകെമിക്കൽ സംയുക്ത സംരംഭത്തിന്റെ ഭൂമി ഏറ്റെടുക്കൽ നടപടികൾ പുരോഗമിച്ചു വരികാണ്. കേരള സർക്കാരിന്റെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായി സംയോജിപ്പിച്ച് നടത്തുന്ന ആട്ടോമോട്ടീവ് മെക്കാട്രോണിക്സ് കോഴ്സ്, കേരളത്തിലെ 16 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്ന ആട്ടോമോട്ടീവ് ടെക്നോളജിയിലെ വിജ്ഞാന കേന്ദ്രങ്ങൾ എന്നീ പദ്ധതികൾ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്.

ഭക്ഷ്യ സംസ്ക്കരണം, ബയോ മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണം മുതലായ പദ്ധതികളുടെ തുടർനടപടികൾ പൂർത്തിയായി വരുന്നു. കൂടാതെ ടൂറിസം വകുപ്പിന് കീഴിലുള്ള ടൂറിസം ടൗൺഷിപ്പ് പദ്ധതികൾ, കൺവെൻഷൻ സെന്റർ മുതലായ പദ്ധതികളും പുരോഗമിച്ചു വരുന്നു. ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ള പദ്ധതികളാണ് തിരുവനന്തപുരത്ത് തുടങ്ങാൻ ഉദ്ദേശിക്കുന്ന കിഡ്സ് ലാബ്, കോട്ടയത്തു തുടങ്ങുന്ന ശ്രീനിവാസ രാമനുജൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബേസിക്ക് സയൻസ്, തിരുവനന്തപുരത്തെ റിസർച്ച് പാർക്ക്, ഹെർബൽ മെഡിസിനൽ കിറ്റുകളുടെ നിർമ്മാണം മുതലായവ. മറ്റു പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസ് പഠനം, വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ എന്നിവ വിവിധ ഘട്ടങ്ങളിലാണ്.

സെക്ഷൻ ഓഫീസർ

അനുബന്ധം.

| SL. No. | PROJECT | Company / Promoter |
|---|---|---|
| 1 | Kochi Refinery Expansion Project | BPCL |
| 2 | Petrochemical JV Projects of BPCI | JV with suitable partner (in talks with Manali Petrochemicals, Chennai) |
| 3 | Poly Is Butylene (PICB) Project | Kothari Petrochemicals, Chennai |
| 4 | Cumene Plant | Deepak Nitrite Ltd., (DNL) Vadodara |
| 5 | EPDM Rubber Project | Duncan Goenka Group |
| 6 | Eco-friendly Gypsum based new generati building material manufacturing unit | Ajith Carbons & Pigments Ltd (Jass Blocks & Coatings Ltd.) |
| 7 | Nano Biotech Special Economic Zone & Knowledge City | Pushpagiri Group of Institutions |
| 8 | Mini Food Par 9Bio Nutra Park) | Akay Flavours Group |
| 9 | Milk processing Plant | Muralya Dairy Product |
| 10 | Bio medical Devices Hub | Terumo Penpol, SCTIMST & HILL Lifecare Ltd. |
| 11 | Bio Similar Drug Manufacturing unit | Mir Group |
| 12 | HDPE Storage Tank manufacturing unit | Kelachandra Group |
| 13 | Pre-stressed& Pre-fabricated Housing Component | E-Cub Structural combines |
| 14 | Manufacture of Cellulose Nano fiber | Banana Fibril Ventures |
| 15 | Automatic Concrete Block Manufacturin Unite | Tasa Blocks & Tiles |
| 16 | Ready-to-Eat & Ready-to-Cook Food Ite | Chandrakanth Enterprises |
| 17 | Dairy farm & Meat processing unit | Idukki District Pravasi Co-operative Society |
| 18 | Animal husbandry, Agriculture & Floriculture Farms | Kamarudheen Aboobacker (Group of 25 NRIs fro Gulf) |
| 19 | Integrates Dairy Farm | Palmount Farms Idia Ltd. |

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2434

23.01.2014-ലെ
മറുപടിയ്ക്ക്

## മൊബിലിറ്റി ഹബ്ബുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| ഏതെല്ലാം ജില്ലാതലസ്ഥാനങ്ങളിലാണ് വൈറ്റില മാതൃകയിൽ മൊബിലിറ്റി ഹബ്ബുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | വിവരം ശേഖരിച്ചുവരുന്നു. |

Hasim Keerik

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **23-01-2014-ൽ മറുപടിക്ക്.**

**ചോദ്യം നമ്പർ : 2435**

## എൽ.എൻ.ജി. ടെർമിനലിന്റെ വാതക വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. റ്റി.വി.രാജേഷ്<br>ശ്രീ. കെ.ദാസൻ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | എൽ.എൻ.ജി. ടെർമിനലിന്റെ സ്ഥാപിതശേഷി മുഴുവൻ ഉപയോഗപ്പെടുത്തി വാതകം വിതരണം ചെയ്താൽ എത്ര ലക്ഷം ടൺ വാതകം വിതരണം ചെയ്യാൻ കഴിയുമെന്നും പ്രവർത്തനം തുടങ്ങിയ ടെർമിനലിന്റെ എത്ര ശതമാനമാണ് ഇപ്പോൾ ഉപയോഗിക്കുന്നതെന്നും വ്യക്തമാക്കുമോ; | (എ) | പുതുവൈപ്പിൽ എൽ.എൻ.ജി. ടെർമിനലിന് ഇപ്പോൾ പ്രഖ്യാപിത സംഭരണശേഷി 3.75 മില്യൺ ടൺ ആണെങ്കിലും 5 മില്യൺ ടൺ വാതകം വരെ സംഭരണ വിതരണ ശേഷി ഉണ്ട്. ഇപ്പോൾ 6% മാത്രമാണ് ഉപയോഗത്തിൽ ഉള്ളത്. |
| (ബി) | ടെർമിനലിന്റെ സ്ഥാപിതശേഷിക്കനുസൃതമായ വിതരണം നടത്തുന്നതിന് ഇപ്പോൾ നേരിടുന്ന തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (ബി) | നിലവിലുള്ള പ്രധാന ഉപഭോക്താക്കൾ FACT യും BPCL ഉം ആണ്. ഈ രണ്ടു കമ്പനികൾ മൂലം 6% വാതകം ഉപയോഗപ്പെടുത്താൻ കഴിയുന്നുണ്ട്. വിതരണ ശൃംഖലകൾ പൂർത്തീകരിച്ചിട്ടുള്ള BSES (Reliance Power), TCC മുതലായ കമ്പനികൾ വാതക ഉപയോഗം തുടങ്ങിയിട്ടില്ല. BSES ന്റെ സ്ഥാപകശേഷി ഉപയോഗിച്ചാൽ 12% LNG ഉപയോഗപ്പെടുത്താൻ കഴിയും.<br><br>എൽ.എൻ.ജി. ടെർമിനലിന്റെ പൂർണ്ണ ഉപയോഗത്തിനായി വിതരണ ശൃംഖല പൂർത്തിയാക്കേണ്ടതുണ്ട്. ഗെയിലിന്റെ കൊച്ചി - കുറ്റനാട് - ബാംഗ്ലൂർ - മാംഗ്ലൂർ പൈപ്പ്ലൈൻപൂർത്തിയാക്കാൻ കഴിയാത്തതാണ് ഇതിനുള്ള പ്രധാന തടസ്സം. |
| (സി) | മംഗലാപുരത്തേക്കും ബാഗ്ലൂരിലേക്കും സംസ്ഥാനത്തിന്റെ തെക്കൻ ജില്ലകളിലേക്കും പൈപ്പിടാനുള്ള ഗെയിലിന്റെ പ്രവർത്തനങ്ങൾക്ക് എന്തെല്ലാം തടസ്സങ്ങളാണ് ഇപ്പോൾ അനുഭവപ്പെടുന്നതെന്നും, ഈ തടസ്സങ്ങൾ നീക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (സി) | മംഗലാപുരത്തേക്കും ബാംഗ്ലൂരിലേക്കും ഉള്ള പൈപ്പ്ലൈൻ വിന്യസിക്കുന്നത് വിവിധ ആവശ്യങ്ങളും അനാവശ്യ പ്രചരണങ്ങളും മൂലം പലയിടങ്ങളിലും സ്തംഭിച്ചിരിക്കുകയാണ്.<br><br>തെക്കൻ ജില്ലകളിലേക്കുള്ള പൈപ്പ് ലൈൻ യഥാർത്ഥ്യമാവാൻ NTPC |

യിലേക്കുള്ള ലൈൻ പൂർത്തീകരിക്കേണ്ട തുണ്ട്. ഇതിനും പല സംഘടനകളുടേയും ആഭിമുഖ്യത്തിൽ തടസ്സവാദങ്ങൾ ഉന്നയി ച്ചുകൊണ്ടിരിക്കുകയാണ്.

പൈപ്പ്ലൈൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട തടസ്സങ്ങൾ നീക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(i) ഗ്യാസ് പൈപ്പ്ലൈൻ സ്ഥാപിക്കുന്ന തിനായി മറ്റു സംസ്ഥാനങ്ങളിൽ 30 മീറ്റർ വീതിയിൽ സ്ഥലം ഉപയോഗാവകാശ പ്രകാരം (Right of user) എടുക്കുമ്പോൾ കേരളത്തിന്റെ സ്ഥലപരിമിതി കണക്കിലെടുത്ത് 20 മീറ്ററായി കുറയ്ക്കുകയും വീണ്ടും 10 മീറ്ററായി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ii) കൂടാതെ നഷ്ടപരിഹാരമായി ആക്ട് പ്രകാരം 10% എന്നുള്ളത് ന്യായവിലയുടെ 30 ശതമാന മാക്കുകയും വീണ്ടും ഉയർത്തി 50 ശതമാനമാക്കി ഗവൺമെന്റ് ഉത്തര വിറക്കുകയും ചെയ്തിട്ടുണ്ട്.

(iii) ജനങ്ങളുടെ ആശങ്കകൾ അകറ്റു ന്നതിനും പൈപ്പ്ലൈൻ സുര ക്ഷിതമാണെന്നുള്ള വിശ്വാസം ജനങ്ങൾക്കിടയിൽ വളർത്തുന്ന തിനും വിവിധ മാധ്യമങ്ങളി ലൂടെയുള്ള പ്രചാരണ പ്രവർത്ത നങ്ങൾ നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2436** **23.01.2014- ൽ മറുപടിക്ക്**

**"ആറ്റിങ്ങൽ സ്റ്റീൽ എക്സ്റ്റൻഷൻ സെന്റർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടി"**

| **ചോദ്യം** | **ഉത്തരം** |
|---|---|
| **ശ്രീ. ബി. സത്യൻ** | **ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) |
| എ) ആറ്റിങ്ങലിൽ പൂട്ടിക്കിടക്കുന്ന സ്റ്റീൽ എക്സ്റ്റൻഷൻ സെന്റർ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;<br>ബി) ഇത് തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | എ) & ബി) ഈ സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുവാനുള്ള പ്രൊപ്പോസൽ ഒന്നും തന്നെ ഇപ്പോൾ വ്യവസായ വകുപ്പിന്റെ പരിഗണനയിലില്ല. |
| സി) ഈ സ്റ്റീൽ ഫാക്ടറി എന്ന് മുതലാണ് പ്രവർത്തനം നിലച്ചതെന്നും, എത്ര ഏക്കർ സ്ഥലത്താണ് ഇത് പ്രവർത്തിച്ചിരുന്നതെന്നും വ്യക്തമാക്കാമോ; | സി) 1994 മുതലാണ് പ്രവർത്തനം നിലച്ചത്. ഏകദേശം ഒരേക്കർ സ്ഥലത്താണ് സ്ഥാപനം പ്രവർത്തിച്ചിരുന്നത്. |
| ഡി) ഈ ഫാക്ടറിയുടെ ഉടമസ്ഥത ആരിലാണെന്നും ഈ സ്ഥലത്ത് പുതിയ വ്യവസായ സംരംഭത്തിന് സാദ്ധ്യതയുണ്ടോയെന്നും വിശദമാക്കാമോ? | ഡി) ഇന്ത്യാ ഗവൺമെന്റ് (എം.എസ്.എം.ഇ) ഉടമസ്ഥതയിലാണ് ഈ സ്ഥാപനം. പുതിയ വ്യവസായ സംരംഭത്തിന്റെ സാദ്ധ്യതയെ സംബന്ധിച്ച് സംസ്ഥാന സർക്കാർ പരിശോധിച്ചിട്ടില്ല. |

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2437** | **23.01.2014** ൽ മറുപടിയ്ക്ക്

## മംഗലപുരം വെയിലൂർ വില്ലേജിലെ അനധികൃത മണൽ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.ശശി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | മംഗലപുരം പഞ്ചായത്തിലെ വെയിലൂർ വില്ലേജിൽ പ്രവർത്തിക്കുന്ന ഇംഗ്ലീഷ് ഇന്ത്യ ക്ലേ ഫാക്ടറി നിയമാനുസൃതമല്ലാതെ മണൽ ഖനനം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) | എങ്കിൽ എന്തെല്ലാം കാര്യങ്ങളാണ് ശ്രദ്ധയിൽപെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | ബാധകമല്ല. |
| (സി) | നിയമവിരുദ്ധ ഖനനം നടത്തുന്ന കമ്പനിയുടെ പേരിൽ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (സി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T2438

23/1/2014-ൽ മറുപടിയ്ക്ക്

## കൊല്ലം ആസ്ഥാനമായി കാഷ്യുബോർഡ് സ്ഥാപിക്കൽ

ചോദ്യം

ശ്രീ.പി.കെ.ഗുരുദാസൻ

ഉത്തരം

ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കൊല്ലം ആസ്ഥാനമായി കാഷ്യുബോർഡ് സ്ഥാപിക്കുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;<br><br>(ബി) കേന്ദ്ര സർക്കാരിന്റെ അനുമതി കിട്ടാത്തതിനുള്ള കാരണം വ്യക്തമാക്കാമോ;<br><br>(സി) പ്രസ്തുത വിഷയത്തിനായി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന് നൽകിയ കത്തുകളും ആയതിന് ലഭിച്ച മറുപടിയും സംബന്ധിച്ചുള്ള വിശദാംശം ലഭ്യമാക്കുമോ? | (എ) (ബി) & (സി) കൊല്ലം ആസ്ഥാനമായി കേരള സർക്കാർ കാഷ്യുബോർഡ് രൂപീകരിക്കുന്നതിന് 6/10/2007 ന് അന്നത്തെ കേന്ദ്ര വ്യവസായ /വാണിജ്യ വകുപ്പ് മന്ത്രി ശ്രീ.കമൽ നാഥിന് കത്ത് നൽകുകയും തുടർന്ന് 10/12/2007 ൽ കേന്ദ്രപ്രതിരോധമന്ത്രിശ്രീ.എ.കെ.ആന്റണിക്കും 28/10/2008 ൽ പ്രവാസികാര്യമന്ത്രി ശ്രീ.വയലാർ രവിക്കും സംസ്ഥാന തൊഴിൽ വകുപ്പ് മന്ത്രിയും 16/12/2008 ൽ പ്രധാനമന്ത്രിയ്ക്ക് മുഖ്യമന്ത്രിയുംകത്തെഴുതിയിട്ടുണ്ട്.ഈ നിർദ്ദേശം കേന്ദ്ര എക്സ്പെന്റിച്ചർ വകുപ്പിന്റെയും, കാർഷിക വകുപ്പിന്റെയും അനുമതിയ്ക്കായിസമർപ്പിച്ചിട്ടുണ്ടെന്ന് 23/12/2008 ലെ കത്ത് മുഖാന്തിരം കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി കേരള സർക്കാരിനെ അറിയിച്ചിരുന്നു.ഇതിനെ തുടർന്ന് ഇതേ ആവശ്യംഉന്നയിച്ച് ബഹു.മുഖ്യമന്ത്രി 14/8/2012 ൽ ബഹു.പ്രധാനമന്ത്രിയ്ക്കും ബഹു.കേന്ദ്ര വാണിജ്യ വ്യവസായ മന്ത്രിക്കും കത്ത് അയച്ചിട്ടുണ്ട്.കേന്ദ്ര കൃഷി മന്ത്രാലയത്തിന്റെയും എക്സ്പെന്റിച്ചർ വകുപ്പിന്റെയും അംഗീകാരം ലഭിക്കുന്നതിന് തടസ്സമുള്ളതായി കേന്ദ്ര സർക്കാർ 23/12/2008-ലെ കത്ത് മുഖാന്തിരം സംസ്ഥാന സർക്കാരിനെ അറിയിച്ചിരുന്നു കാഷ്യുബോർഡ്സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ വകുപ്പുകളുടെയും അഭിപ്രായ ഐക്യവും അംഗീകാരവും ലഭിച്ചെങ്കിൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ വെന്ന് കേന്ദ്ര |

വാണിജ്യ വകുപ്പ് മന്ത്രി 23/7/2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കാഷ്യൂബോർഡ് രൂപീകരിക്കുന്നതിന് പ്ലാനിംഗ് കമ്മീഷൻ ശുപാർശ ചെയ്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നുള്ള സാധ്യമായ എല്ലാ സഹകരണവും നൽകുമെന്ന് മുഖ്യമന്ത്രി തന്നെ ബഹു. പ്രധാനമന്ത്രിയെയും ബഹു.കേന്ദ്ര വാണിജ്യവ്യവസായ വകുപ്പ് മന്ത്രിയെയും 14/8/2012 -ലെ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.26/4/2013 ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹു.കേന്ദ്ര വാണിജ്യവ്യവസായ വകുപ്പ് മന്ത്രിയും നടത്തിയ കൂടിക്കാഴ്ചയിൽ പ്രത്യേകമായി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്ന വിഷയം ചർച്ച ചെയ്തു. കേന്ദ്ര വാണിജ്യവ്യവസായ വകുപ്പ് ഈ ശുപാർശ അനുകൂലിക്കുന്നുവെങ്കിലും കേന്ദ്ര സർക്കാരിൻ കീഴിലുള്ള പല വകുപ്പുകൾക്കും വിഭിന്ന അഭിപ്രായമുണ്ടെന്നും ആയതിനാൽ കേന്ദ്ര വാണിജ്യ മന്ത്രാലയവും കേരള സർക്കാരും ഒരിക്കൽ കൂടി പ്രസ്തുത വിഷയം പ്ലാനിംഗ് കമ്മീഷന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നും ചർച്ചയിൽ തീരുമാനിച്ചു.

ഈ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊല്ലം ആസ്ഥാനമായി കാഷ്യൂബോർഡ് രൂപീകരിക്കുന്നതിന് കേരള സർക്കാരിന്റെ പൂർണ സഹകരണവും പിൻതുണയും ഉണ്ടാകുമെന്നും പ്രസ്തുത വിഷയം സജീവമായി പരിഗണിക്കണ മെന്നും കാണിച്ച് ബഹു.മുഖ്യമന്ത്രി 6/1/2014 ൽ പ്ലാനിംഗ് കമ്മീഷൻ ഉപാദ്ധ്യക്ഷന് വീണ്ടും കത്ത് അയച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2439

23.01.2014 - ലെ മറുപടിക്ക്

### തഴക്കര കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ഭൂമി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ആർ. രാജേഷ് | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര മണ്ഡലത്തിൽ തഴക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ ആവശ്യത്തിന് സ്ഥലം എറ്റെടുത്ത ശേഷം ആരും വ്യവസായം ആരംഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) : ഇല്ല. |
| (ബി) വ്യവസായം ആരംഭിക്കാത്തവരിൽ നിന്ന് സ്ഥലം തിരികെ ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ; | (ബി) : സ്ഥലം അനുവദിച്ചിട്ടും വ്യവസായം ആരംഭിക്കാതിരുന്ന യൂണിറ്റുകളിൽ നിന്നും സ്ഥലം തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) വ്യവസായം ആരംഭിക്കാത്ത വ്യക്തികളുടെ കണക്ക് ലഭ്യമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (സി) : വ്യവസായം ആരംഭിക്കാത്തവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>1. മെ. സെന്റ് ഗ്രിഗോറിയസ് ഹോളോ ബ്രിക്സ് --30 സെന്റ് സ്ഥലം,<br>2. മെ. ബീനാ ഇൻഡസ്ട്രീസ് --10.89 സെന്റ് സ്ഥലം.<br>3. മെ. സിന്ധു റബ്ബർ ഇൻഡസ്ട്രീസ്--6.73 സെന്റ് സ്ഥലം.<br>ഇവയ്ക്ക് അനുവദിച്ച സ്ഥലം തിരിച്ചെടുത്തിട്ടുണ്ട്. |
| (ഡി) വ്യവസായം ആരംഭിക്കാതെ സ്ഥലം മറിച്ചുകൊടുത്ത വ്യക്തികളാരൊക്കെ ; ഇത് നിയമാനുസൃതം ആണോ ; ഇവരുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) : വ്യവസായം ആരംഭിക്കുന്നതിന് അനുവദിച്ച സ്ഥലം മറിച്ചു കൊടുത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2440

23.01.2014-ലെ മറുപടിയ്ക്ക്

## റാന്നിയിലെ റബ്ബർ പാർക്കിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീ. രാജു എബ്രഹാം | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) റാന്നിയിൽ നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ച കേരളത്തിലെ രണ്ടാമത്തെ റബ്ബർപാർക്കിന്റെ നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണ്; | (എ) റാന്നിയിൽ ഒരു റബ്ബർപാർക്ക് സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി ഇതുവരെ കണ്ടെത്താനായിട്ടില്ല. |
| ബി) റബ്ബർ പാർക്കിന്റെ നിർമ്മാണ ത്തിനായി എത്ര ഏക്കർ ഭൂമി യാണ് ഏറ്റെടുക്കാനായി ഉദ്ദേശി ച്ചിരുന്നത്; ഇതിനായി പത്തനംതിട്ട ജില്ലാകളക്ടർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;<br><br>സി) ഇതിൽ അനുയോജ്യമായ സ്ഥലം ഏതെന്ന് നിശ്ചയിച്ചി ട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വിശദമാക്കാമോ;<br><br>ഡി) വ്യാവസായിക ഭൂപടത്തിൽ ഇടമില്ലാതിരിക്കുന്ന റാന്നിക്കും പത്തനംതിട്ട ജില്ലയ്ക്കും ഗുണം ചെയ്യുന്ന ഈ പദ്ധതി നടപ്പിലാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (ബി)യും (സി)യും (ഡി)യും<br>റബ്ബർപാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കുവേണ്ടി പത്തനംതിട്ട ജില്ലാകളക്ടർ റാന്നി താലൂക്കിലെ വിവിധ ഭാഗങ്ങളിൽപ്പെട്ട 6 സ്ഥലങ്ങൾ പരിശോധിയ്ക്കുകയും കിൻഫ്രയുടെ സാങ്കേതിക വിഭാഗം കൺസൾട്ടൻസി സ്ഥാപനമായ കിറ്റ്കോയുമായി ചേർന്ന് മേൽപ്പറഞ്ഞ സ്ഥലങ്ങൾ പരിശോധിച്ചതിനുശേഷം അതിൽ ഏറ്റവും അനുയോജ്യമായ റാന്നി താലൂക്കിലെ പെരുനാട് വില്ലേജിലെ മണക്കയത്തുള്ള 250 ഏക്കർ ഭൂമി കണ്ടെത്തി അതിന്മേലുള്ള തുടർനടപടികൾ ആരംഭിക്കുകയുമുണ്ടായി. ടി ഭൂമിയുടെ ഉടമസ്ഥതയുടെ ആധികാരികത സംശയാസ്പദമാണെന്ന് കണ്ടെത്തുകയും, ആയതിനാൽ അനുയോജ്യമായ വേറെ സ്ഥലം കണ്ടെത്തുന്നതിന് ജില്ലാകളക്ടർ റാന്നി തഹസിൽദാരെ ചുമതലപ്പെടുത്തുകയും ചെയ്തു. ലാൻഡ് അക്വിസിഷൻ നടപടി കളുടെ പ്രാരംഭമായി സ്വീകരിക്കേണ്ട കാര്യങ്ങളെ സംബന്ധിച്ച് റവന്യൂവകുപ്പ് 15.11.2011-ൽ പുറപ്പെടുവിച്ച മാർഗ്ഗ നിർദ്ദേശ ങ്ങളുടെയും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായുള്ള കിൻഫ്ര ബോർഡ് 28.10.11-ൽ തീരുമാനിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെയും അടിസ്ഥാന ത്തിൽ, റാന്നി തഹസിൽദാർ പെരുനാട് വില്ലേജിൽ കവനാൽ, കരിമ്പനാൽ എന്നീ എസ്റ്റേറ്റുകളിൽ കണ്ടെത്തിയ 250 ഏക്കർ ഭൂമിയ്ക്കുപുറമേ രണ്ട് സ്ഥലം കൂടി പരിശോധനയ്ക്ക് വിധേയമാക്കി പ്രസ്തുത ഭൂമികളുടെ വില കണക്കാക്കി ലാൻഡ് അക്വിസിഷൻ ഹൈലെവൽ കമ്മിറ്റിയുടെ പരിശോധനയ്ക്ക് സമർപ്പിക്കാൻ തരത്തിൽ ഒരു വിശദമായ റിപ്പോർട്ട് നൽകാനായി ജില്ലാകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ, കവനാൽ എസ്റ്റേറ്റിന്റെ ചില ഭൂമിയുടെ ഉടമസ്ഥതയെ സംബന്ധിച്ച് കമ്പനി ലിക്വിഡേറ്ററുമായി ബന്ധപ്പെട്ട് എന്തെങ്കിലും നിയമ തടസ്സമുണ്ടോ എന്നും വ്യക്തമാക്കാൻ ജില്ലകളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ജില്ലാകളക്ടറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം അതു പരിശോധിച്ച് ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2441

23.01.2014-ലെ
മറുപടിയ്ക്ക്

## പെരുമ്പാവൂരിൽ ടിമ്പർ സോൺ

| ചോദ്യം<br>ശ്രീ. സാജുപോൾ | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| എ) തടി വ്യവസായ കേന്ദ്രമായ പെരുമ്പാവൂരിൽ ടിമ്പർ സോൺ അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | എ) ഉണ്ട്. |
| ബി) ഇതിന്റെ പ്രായോഗികത പരിശോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? | ബി) പെരുമ്പാവൂരിൽ ടിമ്പർ സോൺ സ്ഥാപിക്കുന്നതിന്റെ പ്രായോഗികത സംബന്ധിച്ച് വ്യവസായ വാണിജ്യ ഡയറക്ടറിൽനിന്നും റിപ്പോർട്ട് ലഭിച്ചതിനുശേഷം ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2442** **23.01.2014- ൽ മറുപടിക്ക്**

## "ആലപ്പുഴ ജില്ലയിൽ ആരംഭിച്ച വ്യവസായ സംരംഭങ്ങൾ"

**ചോദ്യം**

**ശ്രീ. പി. തിലോത്തമൻ**

എ) വ്യവസായ വകുപ്പിൻ കീഴിൽ ആലപ്പുഴ ജില്ലയിൽ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച സംരംഭങ്ങൾ ഏതെല്ലാമാണെന്നും ഈ സംരംഭങ്ങൾ ഏതെല്ലാം മണ്ഡലങ്ങളിലാണെന്നും വ്യക്തമാക്കുമോ; ഇതിനു വേണ്ടി സർക്കാരിന്റെ മുതൽ മുടക്ക് എത്രയാണെന്നും ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടു എന്നും വ്യക്തമാക്കുമോ;

**ഉത്തരം**

**ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി)

എ) ഈ സർക്കാരിന്റെ കാലയളവിൽ ആലപ്പുഴ ജില്ലയിൽ സർക്കാർ മുതൽ മുടക്കിൽ വ്യവസായങ്ങൾ ആരംഭിച്ചിട്ടില്ല. എന്നാൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വ്യവസായ വകുപ്പിന്റെ കീഴിൽ ആലപ്പുഴ ജില്ലയിൽ ഇ.എം. പാർട്ട്-2 അക്നോളഡ്ജ്മെന്റ് പ്രകാരം ഹരിപ്പാട്, മാവേലിക്കര, ചെങ്ങന്നൂർ, അമ്പലപ്പുഴ, ആലപ്പുഴ, കുട്ടനാട്, അരൂർ, ചേർത്തല, കായംകുളം മണ്ഡലങ്ങളിലായി 2629 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചു. ഇതിലൂടെ 362.07 കോടി നിക്ഷേപവും 16,662 തൊഴിലവസരങ്ങളും സൃഷ്ടിച്ചു.

കെ.എസ്.ഐ.ഡി.സി യുടെ സഹായത്തോടെ ഈ സർക്കാരിന്റെ കാലയളവിൽ ആരംഭിച്ച വ്യവസായ പദ്ധതികളിൽ ആലപ്പുഴ ജില്ലയിൽപ്പെടുന്ന 5 പദ്ധതികളുടെ വിശദാംശങ്ങൾ താഴെ പറയുന്നു.

| നം | പദ്ധതിയുടെ പേര് | മുതൽ മുടക്ക് (രൂപ ലക്ഷം) | തൊഴിലവസരം | നിയോജക മണ്ഡലം |
|---|---|---|---|---|
| 1. | എക്സൽ ഗ്ലാസ്സസ് ലിമിറ്റഡ്. (പുനരുദ്ധാരണം) | 725.00 | 1000 | ചെങ്ങന്നൂർ |
| 2. | കേര മാറ്റ്വെല്ല് പ്രൈവറ്റ് ലിമിറ്റഡ്. (വികസനം) | 212.00 | 06 | അരൂർ |
| 3. | എഡ്കോ ഡെലിക്കസീസ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്. | 400.00 | 115 | അരൂർ |
| 4. | ജിയോ അക്വാട്ടിക് പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡ്. | 600.00 | 185 | അരൂർ |
| 5. | ബി.ത്രീ. എക്യുപ്മെന്റ് ഇൻഡ്യ പ്രൈവറ്റ് ലിമിറ്റഡ്. | 175.00 | 80 | അരൂർ |

| | |
|---|---|
| ഡി) വ്യവസായ വകുപ്പിന്റെ കീഴിൽ ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമെന്നും ഏതെല്ലാം ജില്ലകളിലാണെന്നും വ്യക്തമാക്കുമോ? | ഡി) ഈ സർക്കാരിന്റെ കാലയളവിൽ വ്യവസായ വകുപ്പിന്റെ കീഴിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ പദ്ധതിയാണ് സംരംഭകത്വ സഹായ പദ്ധതി [E.S.S]. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**<u>പത്താം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 2443**

**23.01.2014 - ലെ മറുപടിക്ക്**

**ചേലക്കര മണ്ഡലത്തിലെ വരവൂരിൽ വ്യവസായ പാർക്ക്**

ചോദ്യം

ശ്രീ. കെ. രാധാകൃഷ്ണൻ

**മറുപടി**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ വരവൂരിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് ഭൂമി വിലയ്ക്ക് വാങ്ങിയിട്ടുള്ളതായി അറിയുമോ ; | (എ) & (ബി) : വരവൂർ വില്ലേജിൽ 89, 90 സർവ്വേ നമ്പരുകളിലായി 8.55 ഏക്കർ സ്ഥലം 15/02/2013 ൽ ഏറ്റെടുത്തിട്ടുണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| (സി) | വരവൂർ വ്യവാസായ പാർക്കിൽ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന വ്യവസായങ്ങളെ സംബന്ധിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ ; | (സി) & (ഡി) : ഇതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ഡി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| (ഇ) | ഈ വ്യവസായ പാർക്കിനുവേണ്ടി നടപ്പ് സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തുകയെന്തെങ്കിലും വകയിരുത്തിയിട്ടുണ്ടോ ; | (ഇ) & (എഫ്) : ഈ വ്യവസായ പാർക്കിനായി തുകയൊന്നും പ്രത്യേകമായി വകയിരുത്തിയിട്ടില്ല. എന്നാൽ വ്യവസായ ഭൂമികളുടെ വികസനത്തിന് 2013 -14 സാമ്പത്തിക വർഷം 1.3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |
| (എഫ്) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | |
| (ജി) | നടപ്പ് സാമ്പത്തിക വർഷത്തിൽ ഈ വ്യവസായ പാർക്കിനുവേണ്ടി ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലെങ്കിൽ 2014-15 വർഷത്തെ ബഡ്ജറ്റിൽ തുക വകയിരുത്തുവാൻ നടപടികൾ സ്വീകരിക്കുമോ ? | (ജി) : ഇക്കാര്യത്തിൽ തീരുമാനം കൈക്കൊണ്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2444** — **23.01.2014 - ലെ മറുപടിക്ക്**

**കൊയിലാണ്ടി മണ്ഡലത്തിലെ സിഡ്കോയുടെ പ്രവൃത്തികൾ**

ചോദ്യം

ശ്രീ. കെ. ദാസൻ

മറുപടി

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

(എ) വ്യവസായ വകുപ്പിന് കീഴിൽ സിഡ്കോ മുഖേനെയും സിഡ്കോ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ പ്രവൃത്തികൾ ഏതെല്ലാം എന്നും ഓരോ പദ്ധതി പ്രവൃത്തിയുടെയും പുരോഗതി/സ്ഥിതി എന്തെന്നും വിശദമായി വ്യക്തമാക്കാമോ ?

(എ) : വ്യവസായ വകുപ്പിന് കീഴിൽ സിഡ്കോ മുഖേനെയും സിഡ്കോ ഏറ്റെടുത്ത് നടപ്പിലാക്കുന്നതുമായ കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ VI-ാം വാർഡിലെ വലിയമല പട്ടികജാതി കോളനിയിലെ 14 പ്രവൃത്തികളാണ്. ഇവയുടെ വിശദവിവരം അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. ഇതിൽ ടെന്റർ ചെയ്തിട്ടുള്ള മൂന്ന് പ്രവൃത്തികളുടെ പുരോഗതി/സ്ഥിതി അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു.

സെക്ഷൻ ഓഫീസർ.

| Sl. No. | Name of Work | Amount |
|---|---|---|
| 1. | Reformation of Cultural Centre – Toilet, Open Stage, Open stage, Open Gallery | 6,20,000.00 |
| 2. | Valiyamala Vaayayil Meethal Road | 17,15,000.00 |
| 3. | Vaayayil Meethal Pachakal Foot Path | 8,10,000.00 |
| 4. | Parol Meethal Kandam Kandy Foot Path | 2,05,000.00 |
| 5. | Valiyamala SC Colony DWSS | 11,30,000.00 |
| 6. | Vaayayil Meethal Valiyamala Colony Foot Path | 3,30,000 |
| 7. | Reformation of Pachakel Anganvadi No.94 | 4,20,000.00 |
| 8. | Reformation of Valiyamala Colony Anganvadi No.91 | 3,65,000.00 |
| 9. | Repair work to houses – Plastering with 1:4 12 mm thick -24 Nos. | 4,20,000.00 |
| 10. | Repair work to houses – Fabricating and fixing MS square tube roof members (rafters, wall plates, post and reepers) – 11 Nos. | 5,50,000.00 |
| 11. | Street Light – Supplying and fixing 42w solar light | 7,83,000.00 |
| 12. | Supplying and fixing Swing machine | 5,00,000.00 |
| 13. | Valiyamala Colony Road Retaring | 10,00,000.00 |
| 14. | Water tank supply – Supplying and fixing PVC Water tank with stand. | 11,52,000.00 |
| | **Total** | **1,00,00,000.00** |

## അനുബന്ധം രണ്ട്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | ടെണ്ടർ ഐ.ഡി | തുക | പ്രവർത്തനങ്ങളുടെ പുരോഗതി വിവരം |
|---|---|---|---|---|
| 1 | വാഴയിൽ-മീത്തൽ പച്ചക്കൽ നടപ്പാത | 2013-SIDCO-10513-01 | 7,70,000 | 25% പണി പൂർത്തിയായി |
| 2 | വാഴയിൽ-മീത്തൽ വലിയമല നടപ്പാത | 2013-SIDCO-10516-1 | 3,25,000 | 21/01/2014 ന് ആരംഭിക്കും |
| 3 | വലിയമല-വാഴയിൽ മീത്തൽ റോഡ് ടാറിംഗ് | 2014-SIDCO-12897-1 | 18,60,000 | 29/01/2014 -ന് ആരംഭിക്കും |

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത | 23-01-2014-ൽ മറുപടിക്ക്.

ചോദ്യം നമ്പർ : 2445

### അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ വ്യവസായ പാർക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസ് തെറ്റയിൽ | | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) | |
| (എ) | അയ്യമ്പുഴ ഗ്രാമപഞ്ചായത്തിലെ ചുള്ളി, ഒലീവ് മൗണ്ട്, താബോർ മേഖ ലകളിൽ വ്യവസായ പാർക്ക് സ്ഥാപി ക്കുന്നതിനായി കേരള സ്റ്റേറ്റ് ഇൻഡ സ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേ ഷൻ ജില്ലാ കളക്ടർക്ക് കത്ത് നല്കി യിട്ടുണ്ടോ; | (എ) | അയ്യമ്പുഴ വില്ലേജിൽ ചുള്ളി, ഒലീവ് മൗണ്ട്, താബോർ മേഖലയിൽ വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന്റെ സാധ്യത കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡവലപ്മെന്റ് കോർപ്പറേഷൻ ജില്ലാ കളക്ടറോട് ആരാഞ്ഞിരുന്നു. |
| (ബി) | പ്രസ്തുത കത്തിന്റെ അടിസ്ഥാ നത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടി കൾ ആരംഭിച്ചിട്ടുണ്ടോ | (ബി) | ഇല്ല. |
| (സി) | എങ്കിൽ ഇതിനായി എന്തെല്ലാം നട പടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ | (സി) | ബാധകമല്ല. |
| (ഡി) | ഇതുസംബന്ധമായി അയ്യമ്പുഴ പഞ്ചാ യത്ത് പ്രസിഡന്റ് ശ്രീ. കെ.ഒ.വർഗീസ് മുഖ്യമന്ത്രിയ്ക്ക് സമർപ്പിച്ച സമ്മതപത്ര ത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ? | (ഡി) | അയ്യമ്പുഴ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീ. കെ.ഒ.വർഗീസ് വ്യവസായ പാർക്ക് തുടങ്ങാൻ സ്ഥലം ഏറ്റെടുക്കുന്നതിൽ നിന്നും പിൻമാറണമെന്ന് അഭ്യർത്ഥിച്ചു കൊണ്ട് മുഖ്യമന്ത്രിക്ക് കത്ത് നൽകിയ തിന്റെ പകർപ്പ് കെ.എസ്.ഐ.ഡി.സി.ക്ക് ലഭിച്ചിട്ടുണ്ട്. വ്യവസായ പാർക്ക് സ്ഥാപി ക്കുന്നതിന് കെ.എസ്.ഐ.ഡി.സി. തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2446

23.01.2014-ലെ
മറുപടിയ്ക്ക്

## അങ്കമാലിയിൽ കിൻഫ്രാ വ്യവസായപാർക്കിനായി ഭൂമി

| ചോദ്യം<br>ശ്രീ. ജോസ് തെറ്റയിൽ | മറുപടി<br>ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) അങ്കമാലിയിൽ സ്ഥാപിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ടിട്ടുള്ള കിൻഫ്രാ വ്യവസായ പാർക്കിനായി ഭൂമി ഏറ്റെടുക്കുന്നതിനെതിരെ 2008-ലെ നെൽവയൽ - തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകളെ ബന്ധപ്പെടുത്തി ലാൻഡ് അക്വിസിഷൻ നടപടി ചോദ്യം ചെയ്തുകൊണ്ട് ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C) 33795/2010 കേസിലെ സ്റ്റേ ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ? | (ബി) ഹൈക്കോടതിയിൽ ഫയൽചെയ്ത WP(C) 33795/2010 എന്ന കേസിൽ കിൻഫ്രയുടെ എതിർസത്യവാങ്മൂലം വളരെ നേരത്തേ തന്നെ ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുണ്ട്. ഈ കേസ് വേഗം തീർപ്പാക്കണമെന്ന് കിൻഫ്രയുടെ അഡ്വക്കേറ്റ് ഹൈക്കോടതിയോട് ആവശ്യപ്പെട്ടിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2447

23.01.2014-ലെ
മറുപടിയ്ക്ക്

## കല്ല്യാശ്ശേരി, പാണപ്പുഴയിൽ വ്യവസായ പാർക്ക്

**ചോദ്യം**

ശ്രീ. റ്റി.വി.രാജേഷ്

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ കിൻഫ്രയുടെ ആഭിമുഖ്യത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന് പാണപ്പുഴ വില്ലേജിൽ ഉൾപ്പെട്ട അഞ്ഞൂറ് ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിനും വ്യവസായ പാർക്ക് ആരംഭിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

**മറുപടി**

ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)

പാണപ്പുഴ വില്ലേജിൽ ഉൾപ്പെട്ട 500 ഏക്കർ സ്ഥലം ഏറ്റെടുത്ത് വ്യവസായ പാർക്ക് ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരികയാണ്. കല്ല്യാശ്ശേരി മണ്ഡലത്തിന് അടുത്ത് തളിപ്പറമ്പിലെ നാടുകാണിയിൽ 123 ഏക്കറിൽ എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളോടും കൂടി ടെക്സ്റ്റൈൽ / ഇതര മേഖലകൾക്കായി ഒരു വ്യവസായ പാർക്ക് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വ്യവസായ പാർക്കിന്റെ അലോട്ട്മെന്റ് നടപടികൾ പുരോഗമിച്ചു വരുന്നു. പ്രസ്തുത പാർക്കിന്റെ അലോട്ട്മെന്റ് പൂർണമാകുന്ന മുറയ്ക്ക് പാണപ്പുഴയിലെ വ്യവസായ പാർക്ക് സ്ഥാപിക്കുന്നത് പരിഗണിക്കുന്നതാണ്.

Haseen Ferruk

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2448** **23.01.2014** ൽ മറുപടിയ്ക്ക്

### പാറ ഖനനാനുമതി നൽകിയതിലൂടെ ലഭിച്ചവരുമാനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ<br>,, ഇ. കെ. വിജയൻ<br>,, ജി. എസ്. ജയലാൽ<br>ശ്രീമതി ഗീതാ ഗോപി | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | 2011 – 2012, 2012–2013 എന്നീ വർഷങ്ങളിൽ പാറഖനനാനുമതി നൽകിയതിലൂടെ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്ര ; | (എ), (ബി) & (സി) | വിവരം ശേഖരിച്ച വരുന്നു. |
| (ബി) | കഴിഞ്ഞ മുപ്പതു മാസത്തിനുള്ളിൽ പുതുതായി ഖനനാനുമതി നേടിയ പാറമടകളുടെ എണ്ണം എത്ര; ജില്ല തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ; | | |
| (സി) | പരിസ്ഥിതി പ്രാധാന്യമുള്ള സ്ഥലങ്ങളിൽ പാറഖനനത്തിനായി ഈ കാലയളവിൽ എത്ര അനുമതികൾ നല്കിയിട്ടുണ്ട്; അവ ഏതെല്ലാം; | | |
| (ഡി) | സംസ്ഥാനത്ത് ഇപ്പോൾ പുറമ്പോക്ക് ഭൂമികളിൽ പാറഖനനം നടക്കുന്നുണ്ടോ; ഇത്തരം ഭൂമികളിൽ അനുമതി ലഭിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ? | (ഡി) | ഉണ്ട്. ജില്ലാ കളക്ടറിൽ നിന്നോ മറ്റു റവന്യൂ അധികാരികളിൽ നിന്നോ ലഭിക്കുന്ന എൻ.ഒ.സി യുടെ അടിസ്ഥാന ത്തിലാണ് പുറമ്പോക്ക് ഭൂമികളിൽ പാറ ഖനനത്തിനുള്ള അനുമതി നൽകിവരുന്നത്. സർക്കാർ വക പാറ പുറമ്പോക്കിൽ ഖനനാനുമതി സമ്പാദിക്കുന്നവരിൽ നിന്നും ഖനനം ചെയ്യേണ്ട പാറയുടെ അളവിനനുസരിച്ച് റോയൽറ്റിയും സീനിയറേജും സർക്കാരിലേക്ക് ഈടാക്കി 1967 ലെ കേരള മൈനർ മിനറൽ കൺസഷൻ ചട്ടങ്ങളിലെ നിബന്ധനകൾക്കു വിധേയമായി ഖനനാനുമതി നൽകുന്നു. റവന്യൂ ഭൂമികളിൽ തഹസിൽദാർമാർ റോയൽറ്റിയും സീനിയറേജും ഈടാക്കി ഖനനാനുമതി നൽകുന്നുണ്ട്. കൂടാതെ മൈനിംഗ് & ജിയോളജി വകുപ്പിൽ നിന്നും ഒരു വർഷത്തേക്കുള്ള കൺസോളിഡേറ്റഡ് റോയൽറ്റി ഈടാക്കിയും ഖനനാനുമതി നൽകിവരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2449** **23.01.2014** ൽ മറുപടിയ്ക്ക്

### പരിസ്ഥിതി ലോല മേഖലകളിലെ അനധികൃത ക്വാറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, മുല്ലക്കര രത്നാകരൻ<br>,, കെ. അജിത്<br>,, ഇ. കെ. വിജയൻ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് മൊത്തം എത്ര ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്; | (എ) | 3907 ക്വാറികൾ പ്രവർത്തിക്കുന്നുണ്ട്. |
| (ബി) | പരിസ്ഥിതി ലോല മേഖലകളിൽ എത്ര അനധികൃത ക്വാറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) | പരിസ്ഥിതി ലോല മേഖലകളിൽ പ്രവർത്തിച്ച 29 ക്വാറികൾക്ക് നിരോധന ഉത്തരവ് നൽകിയിട്ടുണ്ട്. |
| (സി) | കളക്ടറുടെയോ, പഞ്ചായത്തിന്റെയോ അനുമതിയില്ലാതെ പ്രവർത്തിക്കുന്ന ഇത്തരം ക്വാറികളുടെ പ്രവർത്തനം തടയുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാം; വ്യക്തമാക്കാമോ? | (സി) | അനധികൃതമായി പ്രവർത്തിക്കുന്ന പാറമടകൾ കണ്ടെത്തുന്നതിന് മൈനിംഗ് & ജിയോളജി വകുപ്പിന്റെ ജില്ലാ ആഫീസുകളും കേരള മിനറൽ സ്ക്വാഡുകളും നിരന്തരം പരിശോധന നടത്തുകയും, അനധികൃത ക്വാറികൾക്ക് stop memo നൽകി, 1967-ലെ കേരള മൈനർ മിനറൽ ചട്ടങ്ങൾ പ്രകാരം റോയൽറ്റിയും പിഴയും ഈടാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2450** **23.01.2014** ൽ മറുപടിയ്ക്ക്

## കരിങ്കൽ-ചെങ്കൽ ക്വാറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീമതി കെ. എസ്. സലീഖ | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് എത്ര കരിങ്കൽ ക്വാറിയും ചെങ്കൽ ക്വാറിയും നിലവിൽ പ്രവർത്തിക്കുന്നുണ്ട്; ഇതിലൂടെ എത്ര കോടി രൂപയുടെ ഖനനം നടക്കുന്നു; ഇതിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്ര; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തു പ്രവർത്തിച്ചുവരുന്ന കരിങ്കൽ-ചെങ്കൽ ക്വാറികളെ സംബന്ധിച്ചും വാർഷിക വരുമാനം സംബന്ധിച്ചുമുള്ള വിവരങ്ങൾ അനുബന്ധം ഒന്നിൽ ചേർത്തിരിക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കരിങ്കൽ ക്വാറികൾക്കും ചെങ്കൽ ക്വാറികൾക്കും അനുമതി നൽകി ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) & (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (സി) | ഈ സർക്കാർ അനുമതി നൽകിയ പ്രസ്തുത ക്വാറികളിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്ര ; | | |
| (ഡി) | റവന്യൂ, പുറമ്പോക്ക്, വനം മേഖലകളിലായി എത്ര കരിങ്കൽ ക്വാറികളും, ചെങ്കൽ ക്വാറികളും പ്രവർത്തിക്കുന്നുവെന്നും ഇവയിൽ സർക്കാർ അനുമതിയോടെ പ്രവർത്തിക്കുന്നവ എത്ര; അനുമതി ഇല്ലാത്തവ എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ഡി) | ഇതു സംബന്ധിച്ച വിവരം അനുബന്ധം രണ്ടിൽ ചേർത്തിരിക്കുന്നു. |
| (ഇ) | നിയമത്തിലെ പഴുത്, റോയൽറ്റി എന്നിവ ഉപയോഗിച്ച് ഭൂരിപക്ഷം ക്വാറി ഉടമകളും ഖനനം ദുരുപയോഗം ചെയ്യുന്നതായി ശ്രദ്ധയിൽപെട്ടുവോ ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും; വിശദാംശം വ്യക്തമാക്കുമോ? | (ഇ) | ക്രഷർ യൂണിറ്റുകൾക്ക് ജാ സൈസിന്റെ അടിസ്ഥാനത്തിലും ക്വാറികൾക്ക് സ്ഥലവിസ്തൃതിയുടെ അടിസ്ഥാനത്തിലും കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം നിലവിലുണ്ട്. ക്രഷറുകളുടെ രജിസ്റ്റേർഡ് മെറ്റൽ ക്രഷർ കോമ്പൗണ്ടിംഗ്, ക്വാറികളുടെ കൺസോളിഡേറ്റഡ് റോയൽറ്റി പേയ്മെന്റ് സിസ്റ്റം എന്നിവയിലെ കൺസോളിഡേറ്റഡ് റോയൽറ്റിയുടെ സ്ലാബ് ഉയർത്തുന്നത് പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം ഒന്ന്

(എ) കരിങ്കൽ, ചെങ്കൽ ക്വാറികളുടെ എണ്ണം ( ജില്ല തിരിച്ച്)

| നം | ജില്ല | ആകെ ക്വാറികൾ | 2012-13 വർഷത്തിലെ വരുമാനം (രൂപ) |
|---|---|---|---|
| 1 | തിരുവനന്തപുരം | 185 | 2,54,21,554 |
| 2 | കൊല്ലം | 128 | 3,61,24,786 |
| 3 | പത്തനംതിട്ട | 167 | 2,53,51,555 |
| 4 | കോട്ടയം | 213 | 32,90,132 |
| 5 | ആലപ്പുഴ | 9 | 2,79,100 |
| 6 | ഇടുക്കി | 129 | 1,11,43,491 |
| 7 | എറണാകുളം | 444 | 5,21,49,564 |
| 8 | തൃശൂർ | 343 | 2,68,37,787 |
| 9 | പാലക്കാട് | 228 | 2,34,33,642 |
| 10 | മലപ്പുറം | 874 | 3,39,39,562 |
| 11 | കോഴിക്കോട് | 283 | 1,34,88,723 |
| 12 | കണ്ണൂർ | 1100 | 1,34,03,439 |
| 13 | വയനാട് | 69 | 1,38,82,227 |
| 14 | കാസറഗോഡ് | 481 | 1,07,34,478 |

## അനുബന്ധം രണ്ട്

(ബി) റവന്യൂ പുറമ്പോക്കു വനം മേഖലകളിലായി പ്രവർത്തിക്കുന്ന ക്വാറികൾ ( ജില്ല തിരിച്ച്)

| നം | ജില്ല | റവന്യൂ പുറമ്പോക്കു മേഖലയിൽ | വനം മേഖലയിൽ | സർക്കാർ അനുമതി ഇല്ലാത്തവ |
|---|---|---|---|---|
| 1 | തിരുവനന്തപുരം | 3 | - | - |
| 2 | കൊല്ലം | 3 | - | - |
| 3 | പത്തനംതിട്ട | 8 | - | - |
| 4 | കോട്ടയം | - | - | - |
| 5 | ആലപ്പുഴ | - | - | - |
| 6 | ഇടുക്കി | 13 | - | - |
| 7 | എറണാകുളം | 34 | - | - |
| 8 | തൃശൂർ | 11 | - | - |
| 9 | പാലക്കാട് | - | - | - |
| 10 | മലപ്പുറം | - | - | - |
| 11 | കോഴിക്കോട് | - | - | - |
| 12 | കണ്ണൂർ | - | - | - |
| 13 | വയനാട് | 36 | - | - |
| 14 | കാസറഗോഡ് | - | - | - |

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **T 2451** **23.01.2014** ൽ മറുപടിയ്ക്ക്

## തോട്ടപ്പള്ളിയിലെ കരിമണൽ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. ജി.സുധാകരൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | തോട്ടപ്പള്ളിയിലെ കരിമണൽ ഖനനത്തിനായി ഏതെങ്കിലും ഏജൻസിക്ക് അനുവാദം നൽകിയിട്ടുണ്ടോ; എങ്കിൽ ഏത് ഏജൻസിക്കാണെന്ന് വ്യക്തമാക്കുമോ; | (എ) | തോട്ടപ്പള്ളി സ്പിൽവെയിൽ നിന്നും, കുട്ടനാട് പാക്കേജ് നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന ധാതുമണൽ ഖനനം ചെയ്യുന്നതിന് ചവറയിലെ മെസ്സേഴ്സ്. ഇന്ത്യൻ റെയർ എർത്ത്സ് ലിമിറ്റഡിന് അനുമതി നൽകിയിട്ടുണ്ട്. |
| (ബി) | കരിമണൽ ഖനനം സംബന്ധിച്ച നയം വിശദമാക്കുമോ? | (ബി) | ധാതുമണൽ ഖനനം, ശുദ്ധീകരണം എന്നിവ കഴിവതും പൊതുമേഖലാ സ്ഥാപനങ്ങൾ മുഖാന്തിരം നടപ്പിലാക്കുക എന്നതാണ് സർക്കാർ നയം. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2452**      **23.01.2014** ൽ മറുപടിയ്ക്ക്

### ചക്കിട്ടപാറ, കാക്കൂർ, ചെറുവ്വ പ്രദേശങ്ങളിൽ ഇരുമ്പയിര്‍ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിൽ ചക്കിട്ട പാറ, കാക്കൂർ, ചെറുവ്വ പ്രദേശങ്ങളിൽ ഇരുമ്പയിർ ഖനനം നടത്താൻ അനുമതിക്കായി ഏതെല്ലാം കമ്പനികളാണ് അപേക്ഷ നല്കിയിരുന്നത്; | (എ) | M/s. MSPL Ltd., Hospet, Karnataka, M/s. Mineralas Pvt.Ltd, Bangalore, M/s. Fortune Five Minerals, M/s. Kudremukh Iron Ore Company Ltd., Bangalore. എന്നീ കമ്പനികളാണ് ഇരുമ്പയിര് ഖനനത്തിന് അപേക്ഷ നൽകിയിരുന്നത്. |
| (ബി) | ഇതിൽ ഏത് കമ്പനിക്കാണ് യോഗ്യതയുള്ളതായി മൈനിംഗ് ആന്റ് ജിയോളജി വകുപ്പ് കണ്ടെത്തിയത്; | (ബി) | M/s. MSPL Ltd., Hospet, Karnataka എന്ന കമ്പനിക്കാണ് യോഗ്യതയുള്ളതായി കണ്ടെത്തിയത്. |
| (സി) | മൈനിംഗ് ആന്റ് ജിയോളജി വകുപ്പിന്റെ തീരുമാനത്തിനെതിരെ ഏതെല്ലാം കമ്പനികളാണ് അപേക്ഷ നല്കിയിരുന്നത്; | (സി) | M/s. Kabini Minerals Pvt. Ltd ബഹു.ഡൽഹി ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിരുന്നു. |
| (ഡി) | ആക്ഷേപങ്ങൾ പരിശോധിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ? | (ഡി) | മൈനിംഗിനായി നൽകിയിട്ടുള്ള 'In principle approval' റദ്ദാക്കുന്നതിന് നിയമപരമായി നടപടികൾ സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2453** — **23.01.2014** ൽ മറുപടിയ്ക്ക്

**കോഴിക്കോട് ജില്ലയിലെ ചക്കിട്ട പാറ, കാക്കൂർ, ചെറുവ്വ പ്രദേശങ്ങളിലെ ഇരുമ്പയിർ ഖനനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ, കാക്കൂർ, ചെറുവ്വ എന്നീ പ്രദേശങ്ങളിൽ ഇരുമ്പയിർ ഖനനം നടത്താൻ ആർക്കെങ്കിലും അനുമതി നൽകിയിട്ടുണ്ടോ; | (എ) | സർക്കാർ ലെറ്റർ ഒഫ് ഇൻഡന്റ് നം. 29675/എ3/09/ഐഡി തീയതി 23.4.10 നം. 30030/എ3/09/ഐഡി തീയതി 23.4.10 നം. 29676/എ3/09/ഐഡി തീയതി 23.4.10 എന്നിവ പ്രകാരം ഖനനാനുമതിക്ക് മുന്നോടിയായുള്ള 'In principle approval' നൽകിയിരുന്നു. |
| (ബി) | മേൽപ്പറഞ്ഞ പ്രദേശങ്ങളിൽ ഇരുമ്പയിർ ഖനനത്തിനായി അപേക്ഷ നൽകിയത് ഏതെല്ലാം കമ്പനികളാണ് എന്ന് വ്യക്തമാക്കുമോ; | (ബി) | M/s MSPL Ltd, Hospet, M/s Kabini Minerals Pvt. Ltd Bangalore, M/s Fortune Five Minerals, M/s Kudremukh Iron Ore Company എന്നീ കമ്പനികളാണ് അപേക്ഷ നൽകിയിരുന്നത്. |
| (സി) | ഇതിൽ ഏതെങ്കിലും കമ്പനിയെ സംസ്ഥാന സർക്കാർ തെരഞ്ഞെടുത്ത് കേന്ദ്രത്തിലേക്ക് ശുപാർശ ചെയ്ത് അയച്ചിട്ടുണ്ടോ; എങ്കിൽ ഏത് കമ്പനിയെയാണെന്ന് വ്യക്തമാക്കുമോ; | (സി) | M/s. MSPL Ltd, Hospet എന്ന കമ്പനിയുടെ അപേക്ഷ 2009 ൽ ശുപാർശ ചെയ്ത് കേന്ദ്ര സർക്കാരിന് അയച്ചിരുന്നു. |
| (ഡി) | ഏതെങ്കിലും ഒരു കമ്പനിയെ യോഗ്യതയുള്ളതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ, അതിന് സ്വീകരിച്ച നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ഡി) | അപേക്ഷകരിൽ യോഗ്യതയുള്ളവരെ കണ്ടെത്തുന്നതിനായി Restructuring & Internal Audit Board (RIAB)- ന്റെ ഉപദേശം ആരായുകയുണ്ടായി. ടി കമ്പനികളുടെ മുൻവർഷങ്ങളിലെ Profit and Loss account, value addition ഉള്ള 'proposals' എന്നിവ RIAB അംഗീകരിച്ച Chartered Account ആയ തിരുവനന്തപുരത്തെ മെസ്സേർസ്. ശങ്കർ & മൂർത്തി, നടത്തിയ പരിശോധനയുടെ അടിസ്ഥാനത്തിലാണ് യോഗ്യത നിർണ്ണയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2454      23.01.2014 ൽ മറുപടിയ്ക്ക്

### കോഴിക്കോട് ജില്ലയിലെ ചക്കിട്ട പാറയിലെ ഇരുമ്പയിർ ഖനനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനാനുമതിക്കായി ഏതെങ്കിലും കമ്പനിക്ക് സർക്കാർ അനുമതി നൽകിയിട്ടുണ്ടോ; | (എ) & (ബി) | കോഴിക്കോട് ജില്ലയിലെ ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനത്തിന് M/s.MSPL Ltd, Hospet എന്ന കമ്പനിക്ക് മൈനിങ് ലീസ് എക്സിക്യൂട്ട് ചെയ്യുന്നതിന് ആവശ്യമായ അനുമതി പത്രങ്ങൾ ബന്ധപ്പെട്ട അധികാരികളിൽ നിന്നും നേടുന്നതിനുള്ള 'In principle approval' 23/04/2010 ൽ നൽകിയിട്ടുണ്ട്. ഖനനത്തിന് ലീസ് അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (ബി) | എങ്കിൽ അനുമതി ഏത് തീയതിക്കാണ് നല്കിയതെന്ന് വ്യക്തമാക്കുമോ; | | |
| (സി) | ഇതിനുവേണ്ടി എന്ത് വ്യവസ്ഥകളാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വച്ചിരുന്നത് എന്ന് വ്യക്തമാക്കുമോ; | (സി) | Indian Bureau of Mines ൽ നിന്നും അംഗീകരിച്ച Mine Plan, 1980 ലെ Forest Conservation Act പ്രകാരം വനം വകുപ്പിൽ നിന്നുള്ള clearance, 1986 ലെ Environment Protection Act പ്രകാരം ഭാരത സർക്കാരിന്റെ വനം - പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള Environmental clearance എന്നിവ മൈനിങ് ലീസ് കരാർ execute ചെയ്യുന്നതിന് മുന്നോടിയായി ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയാണ് 'In principle approval for grant of Mining Lease' അനുവദിച്ചിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | എം.എസ്.പി.എൽ എന്ന കമ്പനിക്ക് കേന്ദ്ര സർക്കാരിന്റെ മൈനിംഗ് വകുപ്പിൽ നിന്നും അനുമതി ലഭിക്കാനായി സമയപരിധി പറഞ്ഞിരുന്നുവോ; | (ഡി) & (ഇ) | 'In principle approval' നൽകിയ Letter of Intent-ൽ സമയപരിധി പ്രത്യേകം നിഷ്കർഷിച്ചിരുന്നില്ലെങ്കിലും Indian Bureau of Mines ൽ നിന്നും അംഗീകരിച്ച Mine Plan, 1980 ലെ Forest Conservation Act പ്രകാരം വനം വകുപ്പിൽ നിന്നുള്ള clearance, 1986 ലെ Environment Protection Act പ്രകാരം ഭാരത സർക്കാരിന്റെ വനം - പരിസ്ഥിതി മന്ത്രാലയത്തിൽ നിന്നുള്ള Environmental clearance എന്നിവ ലഭ്യമാക്കുന്നതിന് 22.1.11 മുതൽ 2 വർഷത്തേക്കും തുടർന്ന് 23.1.13 മുതൽ 2 വർഷത്തേക്കും കാലാവധി ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. |
| (ഇ) | സമയപരിധി ഏതെല്ലാം തീയതികളിൽ നീട്ടി നല്കിയിരുന്നു എന്ന് വ്യക്തമാക്കുമോ; | | |
| (എഫ്) | ഈ നടപടി ക്രമങ്ങളിൽ ചട്ടവിരുദ്ധമായി എന്തെങ്കിലും നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ? | (എഫ്) | കോഴിക്കോട് ജില്ലയിലെ ചക്കിട്ട പാറ, കാക്കൂർ, ചെറുവ്വ വില്ലേജുകളിൽ M/s.MSPL Ltd, Hospet എന്ന കമ്പനിക്ക് ഇരുമ്പയിർ ഖനനത്തിന് 'In principle approval' നൽകിയതുമായി ബന്ധപ്പെട്ട വിഷയത്തിൽ സമഗ്രമായ അന്വേഷണം നടത്തുന്നതിന് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. |

സെക്ഷൻ ആഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **2455** **23.01.2014** ൽ മറുപടിയ്ക്ക്

### ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനാനുമതി റദ്ദു ചെയ്ത ഉത്തരവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എളമരം കരീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും<br>വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) | ചക്കിട്ടപാറയിൽ ഇരുമ്പയിർ ഖനനാനുമതിയുമായി ബന്ധപ്പെട്ട് എം.എസ്.പി.എൽ കമ്പനി സ്ഥലത്ത് സർവ്വെ നടത്താൻ സംസ്ഥാന സർക്കാരിനോട് അനുമതി ആവശ്യപ്പെട്ടിരുന്നുവോ; | (എ) | ആവശ്യപ്പെട്ടിരുന്നു. |
| (ബി) | എങ്കിൽ എന്നാണ് അനുവാദം ചോദിച്ചത് എന്ന് വ്യക്തമാക്കുമോ; | (ബി) | 11-08-2011 ലെ കത്ത് പ്രകാരമാണ് കമ്പനി സർവ്വേയ്ക്ക് അനുമതി ചോദിച്ചത്. |
| (സി) | സർവ്വേക്ക് വനം വകുപ്പ് അനുമതി നൽകിയോ; എങ്കിൽ അത് എന്നാണെന്ന് വ്യക്തമാക്കുമോ; | (സി) | സർവ്വേയ്ക്ക് അനുവാദം നൽകാൻ വനം വകുപ്പ് ആസ്ഥാനത്ത് നിന്നും കോഴിക്കോട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് 18-03-2013 ൽ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | എം.എസ്.പി.എൽ കമ്പനിക്ക് സർവ്വേ നടത്താൻ പ്ലാന്റേഷൻ കോർപ്പറേഷൻ അനുമതി നൽകിയത് എന്നാണ്; | (ഡി) | പ്ലാന്റേഷൻ കോർപ്പറേഷൻ അനുമതി നൽകിയിട്ടില്ല. |
| (ഇ) | ഈ സർക്കാർ, ഖനനാനുമതി റദ്ദ് ചെയ്ത് പുറപ്പെടുവിച്ചതായി പറയുന്ന ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (ഇ) | ഖനനത്തിനായി നൽകിയ 'In Principle approval' റദ്ദ് ചെയ്യാൻ നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുവരെയും ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ **T 2456** **23.01.2014** ൽ മറുപടിയ്ക്ക്

### കാസർഗോഡ് ജില്ലയിലെ അനധികൃത ക്വാറികൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ. ഇ. ചന്ദ്രശേഖരൻ** | | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി)** |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര അനധികൃത ക്വാറികളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | നിലവിൽ അനധികൃതക്വാറികൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | മൈനിങ് & ജിയോളജി വകുപ്പ് എത്ര ക്വാറികളിൽ പരിശോധന നടത്തിയിട്ടുണ്ടെന്നും, എത്ര ക്വാറികൾക്കെതിരെ സ്റ്റോപ്പ് മെമ്മോ നൽകിയെന്നും വ്യക്തമാക്കുമോ; | (ബി) | 2013 ഏപ്രിൽ മുതൽ 385 ചെങ്കല്ല് ക്വാറികളിലും 96 കരിങ്കല്ല് ക്വാറികളിലും പരിശോധന നടത്തിയിട്ടുണ്ട്.<br>വ്യവസ്ഥകൾ പാലിക്കാത്തതിന് 15 ക്വാറികൾക്ക് സ്റ്റോപ്പ് മെമ്മോ നൽകിയിട്ടുണ്ട്. |
| (സി) | അനധികൃത ഖനനം നടത്തിയ ക്വാറി ഉടമകൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | 2013 ഏപ്രിൽ മുതൽ കണ്ടെത്തിയ അനധികൃത ഖനനം, കടത്ത് എന്നിവയ്ക്കെതിരെ നടപടി സ്വീകരിക്കുകയും 10,73,470/- രൂപ പിഴയും റോയൽറ്റിയും ആയി ഈടാക്കിയിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ അനധികൃത ഖനനം കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ 61 വ്യക്തികൾക്കെതിരെ റവന്യൂ റിക്കവറി നടപടിയും, 9 വ്യക്തികൾക്കെതിരെ ഓഫീസ് തല നടപടിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 12 ക്വാറികൾ നിറുത്തിവയ്പ്പിക്കുവാൻ റവന്യൂ അധികാരികൾക്കും 1 ക്വാറി നിറുത്തി വയ്പ്പിക്കുവാൻ പോലീസ് അധികാരികൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2457** **23.01.2014- ൽ മറുപടിക്ക്**

**കേരളത്തിലെ കൈത്തറി വ്യവസായത്തെ സംരക്ഷിക്കാൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.തോമസ് ചാണ്ടി<br>ശ്രീ.എ.കെ.ശശീന്ദ്രൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ കൈത്തറി സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് കേന്ദ്ര സർക്കാർ എത്ര കോടി രൂപ അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ കൈത്തറി സംഘങ്ങളുടെ കടം എഴുതിത്തള്ളുന്നതിന് കേന്ദ്രസർക്കാർ, നിർവ്വഹണ ഏജൻസിയായ നബാർഡിന് 18.8155 കോടി രൂപ അനുവദിച്ച നൽകുകയുണ്ടായി. |
| (ബി) | കേന്ദ്രസർക്കാർ അനുവദിച്ച തുകയിൽ നിന്ന് എത്ര തുക കൈത്തറി സംഘങ്ങളുടെ കടം എഴുതി തള്ളുന്നതിന് വിനിയോഗിച്ചെന്ന് വെളിപ്പെടുത്താമോ; | (ബി) | അനുവദിച്ച തുകയായ 18.8155 കോടി രൂപ പൂർണ്ണമായും വിനിയോഗിച്ചു. |
| (സി) | കൈത്തറി വ്യവസായത്തെ സംരക്ഷിക്കുവാൻ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ? | (സി) | കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1.അസംസ്കൃത സാധനങ്ങൾ വാങ്ങുന്നതിന് സബ്സിഡി.<br>2. നെയ്ത്തുകാർക്ക് വിദഗ്ധ പരിശീലനം.<br>3.ഹാന്റക്സ്, ഹാൻവീവ്, പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് 20% റിബേറ്റും കൈത്തറി തുണികളുടെ വിൽപനയ്ക്ക് 10% മാർക്കറ്റിംഗ് ഇൻസെന്റീവും (5% സംസ്ഥാനം വഹിക്കുന്നു, 5% കേന്ദ്രം വഹിക്കുന്നു.)<br>4.വിഷു, ഓണം, ക്രിസ്തുമസ് എന്നീ ഉത്സവകാലത്തോട് അനുബന്ധിച്ച് ജില്ല തോറും കൈത്തറി പ്രദർശനങ്ങൾ, വിൽപനമേളകൾ എന്നിവ സംഘടിപ്പിക്കുന്നു. |

| | | | |
|---|---|---|---|
| | | | 5. കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ സബ്സിഡി.<br>6.ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സഹായം നൽകുന്നു.<br>7.കൈത്തറി നെയ്ത്തുകാർക്ക് കഴിന്നൂലും മറ്റ് അസംസ്കൃത വസ്തുക്കളും ന്യായ വിലക്ക് യഥാസമയം ലഭിക്കുന്നതിനായി 7 യാൺ ബാങ്കുകൾക്ക് ധനസഹായം.<br>8.കേന്ദ്രഗവൺമെന്റിന്റെ ക്ലസ്റ്റർ വികസന പദ്ധതി നടപ്പാക്കൽ.<br>9.കൈത്തറി വസ്ത്രങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി പ്രചരണം.<br>10.പ്രാഥമിക കൈത്തറി സംഘങ്ങൾക്ക് ഓഹരി പങ്കാളിത്തം.<br>11. കൈത്തറി നെയ്ത്തു സംഘങ്ങൾക്കും ഫാക്ടറി ടൈപ്പ് സംഘങ്ങൾക്കും പ്രീലൂം പ്രോസസിംഗിൽ ഭാഗികയന്ത്രവൽക്കരണത്തിന് 100% ഗ്രാന്റ്.<br>12.കൈത്തറി നെയ്ത്തുകാരുടെ സാങ്കേതിക മികവ് വർദ്ധിപ്പിക്കുന്നതിന് പരിശീലനം.<br>13.അംശദാന മിതവ്യയ പദ്ധതിയിലൂടെ കൈത്തറി തൊഴിലാളികൾക്ക് സാമ്പത്തിക പദ്ധതി.<br>14.ഫാക്ടറിയേതര സൊസൈറ്റികളിലൂടെ നെയ്ത്തു കാർക്ക് തറി അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി ഗ്രാന്റ്.<br>15.ആകർഷകമായ ഇൻസെന്റീവുകൾ നൽകി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന് നെയ്ത്തുകാരേയും അനുബന്ധ തൊഴിലാളികളെയും പ്രവർത്തനോന്മുഖ മാക്കുന്നതിന് പ്രചോദനപരിപാടി.<br>16.കൈത്തറി മേഖലയിൽ കേന്ദ്ര ഗവൺമെന്റിന്റെ പുനരുദ്ധാരണപുനരാവിഷ്കൃത പാക്കേജ് നടപ്പിലാക്കൽ. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2458** **23.01.2014- ൽ മറുപടിക്ക്**

**കരീലകുളങ്ങര സ്പിന്നിംഗ് മില്ലിലെ തീപിടിത്തം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം കരീലകുളങ്ങര സ്പിന്നിംഗ് മില്ലിൽ ഇടയ്ക്കിടെയുണ്ടാകുന്ന തീ പിടിത്തം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഭാവിയിൽ ഇത്തരം അപകടങ്ങൾ ഒഴിവാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) | 2011 ഫെബ്രുവരിയിൽ നടന്ന വലിയ തീപിടുത്തം 11.കെ.വി ലൈൻ പൊട്ടി കോട്ടൺ ഗോഡൗണിന്റെ മുകളിൽ വീണതുമൂലം സംഭവിച്ചതാണ്. അതിന് ഇൻഷ്വറൻസ് പരിരക്ഷ ഉണ്ടായിരുന്നതും ക്ലെയിം ലഭിച്ചിട്ടുള്ളതുമാണ്. ഇത്തരത്തിലുള്ള സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ മുഴുവൻ സമയ ഇലക്ട്രിക്കൽ സൂപ്പർവൈസറിനെ നിയമിക്കുകയും പ്രതിരോധ നടപടികൾ എടുക്കുകയും ചെയ്തിട്ടുണ്ട്. മാത്രമല്ല 25,000 സ്പിന്റിലുകളുടെ പ്രോജക്ടിന്റെ പകുതി മാത്രമേ ഇപ്പോൾ പ്രവർത്തനസജ്ജമായിട്ടുള്ളൂ. ആയതിനാൽ ഇതിനുവേണ്ട ഫയർ ഫൈറ്റിംഗ് സിസ്റ്റം പൂർണ്ണമായും സ്ഥാപിക്കാൻ സാധിച്ചിട്ടില്ല. പ്രോജക്ട് കമ്മീഷനോടനുബന്ധിച്ച് ഫയർ ഫൈറ്റിംഗ് സിസ്റ്റം കൂടെ കരുതുന്നതാണ്. 2012 സെപ്തംബറിൽ ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മൂലം ബ്ലോ റൂമിന്റെ കപ്പാസിറ്റർ പൊട്ടിത്തെറിച്ച് ചെറിയ തീപിടുത്തം ഉണ്ടാവുകയും കൂടാതെ 2012-ൽ സിംപ്ലെക്സ് മെഷീനിൽ ഇലക്ട്രിക് ഷോർട്ട് സർക്യൂട്ട് മൂലം പൊട്ടിത്തെറി ഉണ്ടാവുകയും ചെയ്തതല്ലാതെ |

| | | | |
|---|---|---|---|
| | | | ഇൻഷ്വറൻസ് ക്ലെയിം ലഭിക്കത്തക്കവിധമുള്ള നഷ്ടം ഒന്നും സംഭവിച്ചിട്ടില്ല. 2013 നവംബർ 11-ാം തീയതി കമ്പനിയുടെ ബ്ലോറും സെല്ലാറിൽ തീപിടിക്കുകയും ഫയർഫോഴ്സിന്റേയും പോലീസിന്റേയും ജീവനക്കാരുടെയും ശ്രമഫലമായി തീ നിയന്ത്രണ വിധേയമാക്കുകയും ചെയ്തു. അടിക്കടി തീപിടുത്തം ഉണ്ടാകുന്നതിനാൽ കരിയിലക്കുളങ്ങര പോലീസ് സ്റ്റേഷനിൽ അന്നേ ദിവസം വൈകീട്ട് 11.45 ന് തന്നെ മൊഴി കൊടുത്ത് കേസ് ഫയൽ ചെയ്യുകയും അതനുസരിച്ച് 12.11.2013 ന് വിരലടയാള വിദഗ്ധരും 13.11.2013 ന് രാസപരിശോധനാ വിദഗ്ധരും മിൽ സന്ദർശിച്ച് തെളിവെടുപ്പ് നടത്തുകയും ചെയ്തു. ഭാവിയിൽ തീപിടുത്തം ഉണ്ടാകുന്നത് ഒഴിവാക്കാൻ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തീപിടുത്തം മൂലം വൻതോതിൽ നാശനഷ്ടങ്ങൾ ഒന്നും സംഭവിച്ചിട്ടില്ല. |
| (സി) | പ്രസ്തുത സ്ഥാപനത്തിലെ ജനറൽ മാനേജർക്കെതിരായി തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ ഈ വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ? | (ഡി) | ജനറൽ മാനേജരായിരുന്ന ശ്രീ.ജയകൃഷ്ണനെ അന്വേഷണ വിധേയമായി സസ്പെന്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2459 23.01.2014- ൽ മറുപടിക്ക്

**ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി ഉയർത്തുന്നതിന നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.സി.കെ.സദാശിവൻ | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം, കരീലകുളങ്ങരയിലെ ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിൽ നിന്നും ഇരുപത്തിഅയ്യായിരം സ്പിന്റിലേക്ക് ഉയർത്തുന്നതുമായി ബന്ധപ്പെട്ട നടപടി ക്രമങ്ങളുടെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ; | (എ) | കായംകുളം, കരീലകുളങ്ങരയിലുള്ള ആലപ്പുഴ സഹകരണ സ്പിന്നിംഗ് മില്ലിന്റെ പ്രവർത്തനശേഷി പന്ത്രണ്ടായിരം സ്പിന്റിൽ നിന്നും ഇരുപത്തി അയ്യായിരം സ്പിന്റിലേക്ക് ഉയർത്തുന്നതിനായി മില്ലിന്റെ പുതുക്കിയ 33.94 കോടി രൂപയുടെ പ്രോജക്ട് റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലാണ്. ഒന്നാം ഘട്ടമായി സർക്കാർ 150 ലക്ഷം രൂപ അനുവദിക്കുകയും കെട്ടിട നിർമ്മാണത്തിന്റെ 75% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. 2013-14-ലെ ബഡ്ജറ്റിൽ 75 ലക്ഷം രൂപ ആധുനികവൽക്കരണത്തിനായി വകയിരുത്തിയിട്ടുണ്ട് |
| (ബി) | ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയും; | (ബി) | പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് അംഗീകാരം ലഭിക്കുകയും എൻ.സി.ഡി.സി സഹായവും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്ന് ടേം ലോണും ലഭിക്കുന്ന മുറക്ക് പൂർത്തീകരിക്കാൻ കഴിയുന്നതാണ്. |
| (സി) | എൻ.സി.ഡി.സി പ്രസ്തുത പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ടോ? | (സി) | എൻ.സി.ഡി.സിയുടെ അംഗീകാരം ലഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2460 23.01.2014- ൽ മറുപടിക്ക്**

**കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ് മിൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) | | ശ്രീ.പി.കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ പ്രവർത്തന സജ്ജമായി കിടക്കുന്ന ഉദുമ സ്പിന്നിങ് മിൽ എന്ന് പ്രവർത്തനമാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (എ) | ഉദുമ ടെക്സ്റ്റൈൽ മില്ലിന്റെ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഇതിനോടകം തന്നെ ഒരുക്കിയിട്ടുണ്ട്. മില്ലിലെ ജീവനക്കാരുടെ നിയമനവുമായി ബന്ധപ്പെട്ട നിരവധി കേസുകൾ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലുണ്ട്. കൂടാതെ ഉദുമ ടെക്സ്റ്റൈൽ മിൽ, കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷന്റെ സബ്സിഡറി കമ്പനിയാക്കി രജിസ്റ്റർ ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിലേയ്ക്കായുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നുണ്ട്. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസുകളിൽ അന്തിമവിധി വന്നതിനു ശേഷം ജീവനക്കാരെ നിയമിച്ച് കമ്പനി പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2461 — 23.01.2014 ൽ മറുപടിക്ക്

**ഇ-സർക്കാർ സംഭരണ സംവിധാനം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം. പി. വിൻസൻറ് | **ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)** |
| (എ) സംസ്ഥാനത്ത് 'ഇ-സർക്കാർ സംഭരണ സംവിധാനം' നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഉണ്ട്. 07-12-11 മുതൽ സംസ്ഥാനത്ത് ഇ-സംഭരണ സംവിധാനം നിലവിൽ വന്നു. ഇപ്പോൾ 30-ഓളം ഡിപ്പാർട്ടുമെന്റുകളും, 57-ഓളം പൊതു മേഖലാ സ്ഥാപനങ്ങളും ഈ സംവിധാനത്തിനു കീഴിൽ വന്നിട്ടുണ്ട്. ഇതിനോടകം 13,384-ഓളം ഓൺലൈൻ ദർഘാസുകൾ പ്രസിദ്ധപ്പെടുത്തി. വിവിധ വകുപ്പുകളിലെ 4262ൽ പരം ജീവന ക്കാർക്ക് പരിശീലനം നൽകിക്കഴിഞ്ഞു. ഇതു വരെ 5859 ഓളം കരാറുകാർ ഓൺ ലൈൻ വഴി രജിസ്റ്റർ ചെയ്തു. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് വിശദാംശങ്ങൾ നല്കുമോ;<br>(സി) എന്തെല്ലാം ഗുണഫലങ്ങളാണ് ഈ സംവിധാനം വഴി വിവധ വകുപ്പുകൾക്ക് ലഭ്യമാകുക; വിശദമാക്കുമോ ; | (ബി) & (സി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതു മേഖല സ്ഥാപനങ്ങളുടെയും സംഭരണം ഒരു കുടക്കീഴിൽ കൊണ്ടു വരുക, കരാർ/ ടെൻഡർ പ്രക്രിയയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയ ബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക എന്നിവയാണ് ഇ-പ്രൊക്യൂർമെന്റ് / ഇ-പേയ്മെൻറ് എന്ന കടലാസു രഹിത സംവിധാനത്തിൻെറ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ.<br>ദർഘാസ് പ്രമാണങ്ങൾ ഓൺലൈനിലൂടെ സമർപ്പിക്കുവാനുള്ള സൗകര്യം, തെരഞ്ഞെടുക്കാത്ത കരാറുകാരുടെ നിരത ദ്രവ്യം ഓൺലൈനിലൂടെ ഉടൻ മടക്കി നൽകുന്നതിനുള്ള സൗകര്യം, ഏറ്റവും ചുരുങ്ങിയ ചെലവിൽ പരമാവധി വേഗത്തിൽ നടപടിക്രമങ്ങൾ പൂർത്തീകരിക്കാനുള്ള സൗകര്യം, കരാറുകാർക്ക് ആരോഗ്യകരമായ തുറന്ന മത്സരങ്ങൾക്കുള്ള സൗകര്യം, ദർഘാസ് വിവരങ്ങൾ എല്ലാവർക്കും ഒരു പോലെ ലഭിക്കുന്നതിനുള്ള സൗകര്യം എന്നിവ ഈ സംരംഭത്തിൻെറ മേന്മയാണ്. |

| | | | |
|---|---|---|---|
| (ഡി) | ആരെല്ലാമാണ് ഈ സംവിധാനവു മായി സഹകരിക്കുന്നത് ; വിശദാം ശങ്ങൾ എന്തെല്ലാം? | (ഡി) | നാഷണൽ ഇൻഫർമാറ്റിക്സ് സെൻറർ, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ, എന്നിവരുടെ സഹകരണത്തോടെ കേരള സ്റ്റേറ്റ് ഐ.റ്റി മിഷ നാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. സാങ്കേ തിക സഹായവും ജീവനക്കാർക്കും കരാറുകാ ർക്കുമുള്ള പരിശീലനവും നൽകുന്ന ചുമതല ഐ റ്റി മിഷനാണ്. ഇതിനു വേണ്ടി ഐ റ്റി മിഷന്റെ പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റും ഇ-പ്രൊക്യൂർ മെൻറ് സെല്ലും ഹെല്പ് ഡസ്കും തിരുവനന്തപു രത്തും എറണാകുളത്തും പ്രവർത്തിച്ച് വരുന്നു. സോഫ്റ്റ്‌വെയർ നിർമാണവും അതിന്റെ മെയി ന്റനൻസും നിർവഹിക്കുന്നത് നാഷണൽ ഇൻഫർമാറ്റിക്സ് സെന്ററും നിരത ദ്രവ്യവും ദർഘാസ് തുകയും ഓൺലൈൻ വഴി അടക്കാ നുള്ള ഇ-പേയ്മെന്റ് സംവിധാനം ലഭ്യമാക്കു ന്നതും അതിന്റെ മെയിന്റനൻസ് നിർവഹിക്കു ന്നതും സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറുമാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2462 — 23-01-2014 ൽ മറുപടിക്ക്

## സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ വകുപ്പുകളിൽ ഇ-ഗവേണൻസ് നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ ഇത് നടപ്പാക്കിയിട്ടുണ്ട്; | (എ) ഉണ്ട്. ഇ-ഗവേണൻസ് നടപ്പിലാക്കിയിട്ടുള്ള വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) പൊതുജനങ്ങൾക്ക്, അവർ സർക്കാരിന് നല്കിയിട്ടുള്ള പരാതികളുടെ സ്ഥിതി അറിയുന്നതിന് എന്തൊക്കെ സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; | (ബി) മുഖ്യമന്ത്രിയുടെ പരാതി പരിഹാര സെല്ലിലേക്കുള്ള പരാതികൾ സ്വീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനും സിറ്റിസൻ കോൾ സെന്ററിൽ ആവശ്യമായ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.കൂടാതെ സർക്കാരിന് നല്കിയ പരാതിയുടെ സ്ഥിതി വിവരം മനസ്സിലാക്കാൻ സെക്രട്ടറിയേറ്റിൽ നടപ്പാക്കിയ ഐഡിയാസ്(IDEAS)സംവിധാനം ഉപയോഗപ്പെടുത്താൻ കഴിയും. |
| (സി) സർക്കാർ ഓഫീസുകൾ കടലാസു രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെ എന്ന് വിശദമാക്കാമോ; | (സി) സെക്രട്ടേറിയേറ്റിലെ രണ്ട് വകുപ്പുകളിലും ഐ. ടി.മിഷൻ തുടങ്ങിയ സ്ഥാപനങ്ങളിലും കടലാസ് രഹിത ഫയൽ സംവിധാനം ഇപ്പോൾ തന്നെ നിലവിലുണ്ട്. സെക്രട്ടേറിയേറ്റിലെ എല്ലാ വകുപ്പുകളിലും കടലാസു രഹിത ഫയൽ പദ്ധതിയായ ഇ-ഓഫീസ്, എൻ.ഐ.സി മുഖേന നടപ്പാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പാക്കുന്നതിന്റെ മുന്നോടിയായി ജീവനക്കാർക്ക് പരിശീലനം നൽകിവരുന്നുണ്ട്. |
| (ഡി) സർക്കാർ പ്രഖ്യാപിച്ച ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) വിവിധ സർക്കാർ സേവനങ്ങൾ ജനങ്ങൾക്ക് സൗകര്യ പ്രദമായി വീടിനടുത്തുള്ള പൊതു ജനസേവന (അക്ഷയ) കേന്ദ്രങ്ങൾ വഴി ഓൺലൈനായി ലഭ്യമാക്കുന്ന പദ്ധതിയാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി. വിവിധ വകുപ്പുകളിൽ നടപ്പിലാക്കിയ കമ്പ്യൂട്ടർവൽക്കരണത്തിന്റെ മികവ് |

പരമാവധി പ്രയോജനപ്പെടുത്തി സുതാര്യമായും നിഷ്പക്ഷമായും വേഗത്തിലും സേവനങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്. ആദ്യ ഘട്ടമെന്ന നിലയിൽ റവന്യൂ വകുപ്പിന്റെ 23 സേവനങ്ങളാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വഴി ലഭിച്ചു വരുന്നത്. 2013 മാർച്ച് മാസത്തോടു കൂടി എല്ലാ ജില്ലകളിലും ഈ പദ്ധതി നിലവിൽ വന്നു. ഇതിനോടകം 5896814 അപേക്ഷകൾ ഓൺലൈനായി സ്വീകരിക്കുകയും ഡിജിറ്റൽ ഒപ്പോടുകൂടി 5134414 സർട്ടിഫിക്കറ്റുകൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പദ്ധതി സംസ്ഥാനത്താകമാനം നിലവിൽ വന്ന പശ്ചാത്തലത്തിൽ 2013 ഏപ്രിൽ 22 മുതൽ ലഭിക്കുന്ന അപേക്ഷകളിൽ മേൽ മുൻഗണനാ ക്രമത്തിൽ തീർപ്പു കൽപ്പിക്കുന്നതിന് സംസ്ഥാന ഐ.ടി മിഷൻ (ഫിഫോ -First in First Out സിസ്റ്റം) ആദ്യം ലഭിക്കുന്ന അപേക്ഷയിൻ മേൽ ആദ്യം തീർപ്പ് കൽപ്പിക്കൽ) സംവിധാനം ഏർപ്പെടുത്തി. ഓൺലൈൻ ആർ.ടി. ഐ, പി ജി (Public Grievances)സേവനങ്ങൾ, വൈദ്യുതി ബിൽ, വാട്ടർ ബിൽ, ബി.എസ്.എൻ.എൽ ബിൽ, ടെലിഫോൺ ബിൽ, വിവിധ യൂണിവേഴ്സിറ്റി ഫീസുകൾ, മോട്ടോർ വാഹന വകുപ്പ് ഫീസുകൾ ഉൾപ്പെടെ 500 –ഓളം സർക്കാർതല സേവനങ്ങളുടെ പണമിടപാടുകൾ ഇ-ഡിസ്ട്രിക്റ്റ് പോർട്ട ലിലൂടെ അടയ്ക്കാവുന്ന സൗകര്യവും ഒരുക്കി യിട്ടുണ്ട്. ജനങ്ങൾക്ക് ഇതുവരെ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിൽ നിന്നു മാത്രം ലഭ്യമായിരുന്ന സേവനങ്ങൾ ഇ-ഡിസ്ട്രിക്റ്റ് പോർട്ടൽ വഴി ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

## അനുബന്ധം

1. Revenue Department
2. Motor Vehicles Department
3. Kerala Police
4. Commercial Tax Department
5. Law Department
6. Health Department
7. Employment Exchange
8. High Court
9. Labour Department
10. Election Department
11. District Collectorate
12. Land Records Department
13. Technical Education
14. Tourism Department
15. Treasuries Department
16. Civil Supplies
17. General Education Department
18. Industrial Training
19. KSEB
20. Forest Department
21. Registration Department
22. Irrigation Department
23. It @ school
24. Animal Husbandry
25. IIITMK
26. IMG
27. Fisheries
28. PSC
29. University of Kerala
30. PWD
31. Urban Affairs Department
32. Excise Department
33. Harbour Engineering Department
34. Agriculture Department
35. C-Dit
36. C-DAC
37. Social Justice Department
38. Akshaya
39. Schedule Tribes Department

പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2463 | 23.01.2014 ൽ മറുപടിക്ക്

## സംസ്ഥാനത്ത് വാൻ (WAN) പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. എം. എ. വാഹീദ് | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വാൻ (WAN) പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്ത് KSWAN (കേരള സ്റ്റേറ്റ് വൈഡ് ഏരിയ നെറ്റ് വർക്ക്) എന്ന പദ്ധതി ജൂൺ 2008 മുതൽ പ്രവർത്തിച്ചു വരുന്നു. ഇത് പ്രകാരം 14 ജില്ലാ ആസ്ഥാനങ്ങളിലും 152 ബ്ലോക്ക് ഓഫീസുകളിലും, 63 മിനി സിവിൽ സ്റ്റേഷനുകളിലും KSWAN POP (Point of Presence ) സ്ഥാപിച്ചിട്ടുണ്ട് . ഇവിടെ നിന്നും 3236 സർക്കാർ ഓഫീസുകളിൽ KSWAN കണക്ഷൻ ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി വഴി നടപ്പിലാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | വിവിധ വകുപ്പുകൾ സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ (SDC) സ്ഥാപിച്ചിട്ടുള്ള സെർവറുകളിൽ നിന്നും അതിവേഗ ഡാറ്റാ ട്രാൻസ്ഫർ, വീഡിയോ കോൺഫറൻസിങ്, വോയിസ് സർവീസുകൾ, സർക്കാർ വെബ് സൈറ്റുകൾ എന്നിവ ഇതിലൂടെ ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് KSWAN പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. |
| (സി) വിവിധ സർക്കാർ ഓഫീസുകൾക്ക് യഥേഷ്ടം വീഡിയോ കണക്ടിവിറ്റി സാധ്യമാക്കാനും ഒരേ കെട്ടിട സമുച്ചയത്തിലെ വിവിധ വകുപ്പുകളെ ഓപ്റ്റിക് ശൃംഖല വഴി ബന്ധിപ്പിക്കാനും എന്തെല്ലാം സൗകര്യങ്ങളാണ് | (സി) | തിരുവനന്തപുരം വികാസ് ഭവനിൽ പ്രവർത്തിക്കുന്ന വിവിധ ഓഫീസുകൾ തമ്മിൽ ഓപ്റ്റിക്കൽ ശൃംഖല വഴി ബന്ധിപ്പിച്ചിട്ടുണ്ട്. ഇതിലേക്കായി പ്രത്യേക നെറ്റ്‌വർക്ക് കൺ ട്രോൾ റൂം |

| | | | |
|---|---|---|---|
| | പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത് വിശദമാക്കുമോ ; | | സജ്ജീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പബ്ലിക് ഓഫീസിൽ ഇതിന്റെ പണി പൂർത്തികരിച്ച് വരുന്നു. എല്ലാ മിനി സിവിൽ സ്റ്റേഷനുകളിലും 100mbps ലാൻ (LAN) വഴി ഓഫീസുകൾ ബന്ധി പ്പിച്ചിട്ടുണ്ട്. വീഡിയോ കോൺഫറ ൻസിങ് സംവിധാനം എല്ലാ സിവിൽ സ്റ്റേഷനുകളിലും സജ്ജീകരിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ഓഫീസ് സമുച്ചയങ്ങ ളിലും ഈ പദ്ധതി നടപ്പാക്കുവാൻ നട പടി എടുക്കുമോ;വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | KSWANകണക്റ്റിവിറ്റി ആവശ്യപ്പെടുന്ന സർക്കാർ സ്ഥാപനങ്ങൾക്ക് അടുത്തുള്ള POP((Point of Presence)ൽ നിന്നും വയർ ലെസ്സ്, BSNL ലൈൻ, Local Area Network(ലാൻ) എന്നീ മാർഗ ങ്ങളിൽ കൂടി പ്രായോഗികത അനുസരിച്ച് കണക്റ്റിവിറ്റി നൽകി വരുന്നുണ്ട്. കേരളത്തിലെ 14 സിവിൽ സ്റ്റേഷനു കളിലെ ഓഫീസുകൾ ഒപ്റ്റിക്കൽ ശൃംഖല വഴി KSWAN-മായി ബന്ധിപ്പിക്കുന്ന കാര്യവും പരിഗണിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ